# കേരളപ്പുതുമ

# 8

നെടുനാൾ ബ്രിട്ടീഷ് ആധിപത്യത്തിൻകീഴിൽ കഴിയേണ്ടിവന്നവരാണ് ഇന്ത്യ ക്കാർ. വൈദേശികഭരണം അടിച്ചേൽപ്പിച്ച ക്രൂരതകൾ നേരിട്ടനുഭവിച്ചവ രാണ് നമ്മുടെ പൂർവികർ. യാതനകളും ദുരിതങ്ങളും പേറി അവർ നാടിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതി. ചെറുതും വലുതുമായ ഒട്ടേറെ പ്രതിഷേധ ങ്ങൾ, ചെറുത്തുനിൽപ്പുകൾ. ഒടുവിൽ സ്വതന്ത്രഭാരതത്തിന്റെ പിറവി.

വടക്ക് കശ്മീർ മുതൽ തെക്ക് കേരളംവരെ നീണ്ടുകിടക്കുന്ന ഭൂപ്രദേശങ്ങ ളിൽ ജീവിച്ചിരുന്നവരൊക്കെ ഈ ത്യാഗോജ്ജ്വലമായ സംഭവങ്ങളിൽ പ്രത്യ ക്ഷമായോ പരോക്ഷമായോ പങ്കാളികളായിട്ടുണ്ട്.

## ഈസ്റ്റിന്ത്യാ കമ്പനി കേരളത്തിൽ

എപ്പോഴാണ് ബ്രിട്ടീഷുകാർ കേരളത്തിന്റെ ഭൂഭാഗത്ത് പിടിമുറുക്കിയത്? അതി നവർക്ക് സൗകര്യങ്ങൾ ലഭിച്ചതെങ്ങനെ? ബ്രിട്ടീഷ് ഭരണം കേരളീയരെ എങ്ങനെയെല്ലാം പ്രയാസപ്പെടുത്തി? ഇത്തരത്തിലുള്ള ഒട്ടേറെ കാര്യങ്ങൾ അന്വേഷിച്ചറിയേണ്ടതുണ്ട്.


നാടുവാഴികളും രാജാക്കന്മാരും തങ്ങളുടെ കീഴിലുള്ള പ്രദേശങ്ങളിൽ ഭരണം നടത്തിപ്പോന്നകാലത്താണല്ലോ മൈസൂര് നിന്ന് ഹൈദരാലിയും ടിപ്പുവും കേരളത്തിലേക്ക് കടന്നുവന്നത്. പ്രാദേശികരാജാക്കന്മാരുടെയും നാടുവാ ഴികളുടെയും അധീനതയിലായിരുന്ന മലബാറിന്റെ നിയന്ത്രണം ടിപ്പു സുൽത്താൻ ഏറ്റെടുത്തു. കൊച്ചിയിലെയും തിരുവിതാംകൂറിലെയും രാജാ ക്കന്മാർ തങ്ങളുടെ പ്രദേശങ്ങളെ ടിപ്പുവിന്റെ പടയോട്ടത്തിൽനിന്ന് കാത്തുസംരക്ഷിക്കാൻ ബ്രിട്ടീഷുകാരുടെ സഹായം തേടി. പിന്നെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിലായി നാട്ടുരാജാക്കന്മാരുടെ പ്രതീക്ഷ. കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാരും ഈസ്റ്റിന്ത്യാ കമ്പനിയെ രക്ഷകരായി കണ്ടു. വെല്ലസ്ലി പ്രഭു ആവിഷ്കരിച്ച സൈനികസഹായവ്യവസ്ഥ പ്രകാരം ബ്രിട്ടീ ഷുകാർക്ക് നാട്ടുരാജ്യങ്ങളെ എളുപ്പത്തിൽ തങ്ങളുടെ ആശ്രിതരാക്കാൻ കഴിഞ്ഞു. ടിപ്പുവുമായി ഉണ്ടാക്കിയ ശ്രീരംഗപട്ടണം ഒത്തുതീർപ്പിനെത്തു ടർന്ന് മലബാറിൽ ഈസ്റ്റിന്ത്യാ കമ്പനി നേരിട്ടുഭരണം തുടങ്ങി. ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച കൊച്ചിയും തിരുവിതാംകൂറും കമ്പനിഭരണ ത്തിലാവുകയും ചെയ്തു.

### സൈനിക സഹായവ്യവസ്ഥ

*ഇന്ത്യൻ നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് അധീനതയിൽ കൊണ്ടുവരാനുള്ള സമർത്ഥമായ ഒരു നയമായിരുന്നു ഇത്. ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന വെല്ലസ്ലിയാണ് ഇതിന്റെ ഉപജ്ഞാതാവ്. ഈ വ്യവസ്ഥയിൽ ഉൾപ്പെട്ട നാട്ടുരാജ്യങ്ങളുടെ സംരക്ഷണച്ചുമതല ബ്രിട്ടീഷ് സൈന്യത്തിനായിരുന്നു. സൈനികച്ചെലവ് നിർവ്വഹിക്കേണ്ടത് അതതു നാട്ടുരാജ്യങ്ങളും. മാത്രമല്ല നാട്ടുരാജ്യങ്ങൾക്ക് സ്വന്തം സൈന്യത്തെ നിലനിർത്താനുള്ള അവകാശം ഇല്ലാതായി. നാട്ടുരാജ്യങ്ങളുടെ വിദേശനയം തീരുമാനിക്കാനുള്ള അധികാരം ബ്രിട്ടീഷ് സർക്കാരിനുമാത്രമായി. കരാറുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ നാട്ടുരാജ്യങ്ങളിൽ റസിഡണ്ട് എന്ന പേരിൽ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനെയും നിയമിച്ചു. പരസ്പരം പോരടിച്ചുകൊണ്ടിരുന്ന ഇന്ത്യൻ നാട്ടുരാജാക്കന്മാർക്ക് ഈ വ്യവസ്ഥകൾ ഏറെ ആകർഷകമായി തോന്നി.*

ടിപ്പുവിൽനിന്ന് സ്വന്തം പ്രദേശങ്ങൾ സംരക്ഷിച്ചുകിട്ടിയാൽ പഴയ പ്രതാപത്തിൽ അധികാരത്തിൽ തുടരാനാവുമെന്ന് നാടുവാഴികളും നാട്ടുരാജാക്കന്മാരും മോഹിച്ചു. എന്നാൽ എല്ലാവരെയും വരുതിയിലാക്കി ബ്രിട്ടീഷുകാർ സർവാധികാരികളായി. മലയാളക്കരയാകെ ഈസ്റ്റിന്ത്യാ കമ്പനിക്ക് കീഴിലുമായി.

രാഷ്ട്രീയമായ തലത്തിൽ മാത്രമല്ല കോളോണിയൽ മേൽക്കോയ്മ നിലനിന്നത്. സാമ്പത്തിക ചൂഷണവും ബുദ്ധിപരമായ ആധിപത്യവും ഇതിന്റെ ഭാഗമായിരുന്നു. ഇതിനൊക്കെപുറമെ സാധാരണക്കാരന്റെ ഉപജീവനരംഗത്തും വലിയ തോതിൽ ചൂഷണം നിലനിന്നു.



സൈനികസഹായവ്യവസ്ഥയും ശ്രീരംഗപട്ടണം സന്ധിയും കേരളക്കരയെയാകെ ബ്രിട്ടീഷ് ഭരണത്തിൻകീഴിലാക്കി. ഈ പ്രസ്താവന വിശകലനം ചെയ്യുക.

## ഭരണത്തിനെതിരെ

ഇന്ത്യൻ പ്രദേശങ്ങളെ പ്രവിശ്യകളാക്കിത്തിരിച്ചാണ് ഈസ്റ്റിന്ത്യാ കമ്പനി ഭരണം നടത്തിയിരുന്നത്. ക്രിസ്തു 1800 വരെ ബോംബെ പ്രസിഡൻസിയുടെ കീഴിലായിരുന്ന മലബാർ പിന്നീട് മദ്രാസ് പ്രവിശ്യയിലായി.

മലബാറിൽ ബ്രിട്ടീഷ് ഭരണാധികാരികൾ ജനവിരുദ്ധ നടപടികൾ കൈക്കൊള്ളാൻ തുടങ്ങി. രാജാക്കന്മാരും പ്രജകളുമെല്ലാം കമ്പനിയുടെ അധീനതയിലായിരിക്കുമെന്ന് കമ്പനി പ്രഖ്യാപനം നടത്തി. വർദ്ധിച്ച തോതിലുള്ള നികുതി നൽകാൻ എല്ലാവരും ബാധ്യസ്ഥരാണെന്നും നൽകാത്തവർക്കെതിരെ കർശനനടപടികൾ ഉണ്ടാകുമെന്നും മുന്നറിയിപ്പു നൽകി. മലബാറിലാകമാനം ബ്രിട്ടീഷ് വിരുദ്ധ മനോഭാവം എളുപ്പം വളരാൻ ഇതുകാരണമായി. നികുതിപിരിവിന് പുതിയ ഉദ്യോഗസ്ഥരെ നിയമിച്ചതോടെ നിരന്തരം തർക്കങ്ങൾ ഉണ്ടായി.

രാജാധികാരം വെട്ടിക്കുറച്ചതിനെയും നികുതിപിരിവധികാരം എടുത്തുമാറ്റിയതിനെയും ചോദ്യംചെയ്ത രാജാവായിരുന്നു പഴശ്ശിയിലെ കേരളവർമ്മ. പഴശ്ശിയുടെ നേതൃത്വത്തിൽ മലബാറിൽ നടന്ന കലാപം കമ്പനി മേധാവികളെ കണക്കിലേറെ കുഴക്കി. ആദ്യകാലത്ത് കമ്പനി പിരിവിലും മറ്റും പിന്തുണയേകിയിരുന്നവരിൽ ഒരാളായിരുന്നു കേരളവർമ്മ. എന്നാൽ ബ്രിട്ടീഷുകാരുടെ യഥാർത്ഥതാൽപ്പര്യം തിരിച്ചറിയാൻ തുടങ്ങിയതോടെ അവർക്കെതിരെയുള്ള കലാപങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. കമ്പനിയോട് പോരടിച്ചുനിൽക്കാൻ തങ്ങൾക്ക് കഴിയില്ലെന്നു കേരളവർമ്മയ്ക്ക് അറിയാമായിരുന്നു. രാജകുടുംബത്തിലെ അന്തഃഛിദ്രങ്ങളിൽ കമ്പനി തന്നോടൊപ്പം നിൽക്കുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു. ഇവ രണ്ടും ഉണ്ടായില്ല. ഈ ഘട്ടത്തിലാണ് അദ്ദേഹം കമ്പനിക്കെതിരെ പട കൂടിയത്.

## എതിർപ്പുകൾ കൂടുന്നു

ബ്രിട്ടീഷ് സൗഹൃദവും തുടർന്നുള്ള ഉടമ്പടികളും വഴി കൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങൾ ഈസ്റ്റിന്ത്യാ കമ്പനിയുടെ മേധാവിത്വം അംഗീകരിച്ചു. തിരുവിതാംകൂറിലെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ തുടങ്ങിയ കമ്പനിക്കെതിരെ ദിവാൻ വേലുത്തമ്പിദളവ സ്വതന്ത്രമായ ചില നിലപാടുകൾ സ്വീകരിച്ചു. ഭണ്ഡാരത്തിൽനിന്ന് വൻതുക കൈപ്പറ്റാനുള്ള ബ്രിട്ടീഷ് പദ്ധതികളെയാണ് ദിവാൻ എതിർത്തത്. ദിവാൻ പദവി നഷ്ടപ്പെടുന്നതിന് പോലും ഇത് കാരണമായി. ബ്രിട്ടീഷ് വിരുദ്ധമനോഭാവം ശക്തമാക്കി

ചെറുത്തു നിൽപ്പുനടത്താൻ പിന്നീട് അദ്ദേഹം ശ്രമിച്ചു. 1809-ലെ 'കുണ്ടറ വിളംബരം' അതിന്റെ ഭാഗമായിരുന്നു. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ കൊച്ചി രാജ്യത്ത് ദിവാനായിരുന്ന പാലിയത്തച്ചനും കലാപമുയർത്തി.

ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതിപരിഷ്കാരങ്ങൾക്കെതിരെയുള്ള പ്രതികരണമായിരുന്നു വയനാട്ടിലെ കുറിച്യക്കലാപം. നികുതിയായി സാധനങ്ങൾ കൊടുത്തുകൊണ്ടിരുന്നവരായിരുന്നു കുറിച്യർ. എന്നാൽ സാധനങ്ങൾക്കുപകരം വർദ്ധിപ്പിച്ച നികുതി പണമായി മാത്രമേ സ്വീകരിക്കൂ എന്ന പ്രഖ്യാപനം ഉണ്ടായി. ഇത് വലിയ എതിർപ്പിന് കാരണമായി. നികുതി കുടിശ്ശിക വരുത്തിയവരുടെ സ്വത്ത് പിടിച്ചെടുക്കുക, കുടിലുകൾ ആക്രമിക്കുക, വീട്ടുപകരണങ്ങൾ എടുത്തുകൊണ്ടുപോകുക, കുടിയൊഴിപ്പിക്കുക എന്നിവ നടപ്പിലാക്കി. ഇതോടെ ബ്രിട്ടീഷുകാർക്കെതിരെ സ്വാഭാവികമായ എതിർപ്പ് രൂപപ്പെട്ടു. അതൊരു തുറന്ന കലാപമായി മാറി. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ സാധാരണ ജനങ്ങളുടെ നേതൃത്വത്തിൽ നടന്ന ഒരു ജനകീയ മുന്നേറ്റമായിരുന്നു കുറിച്യക്കലാപം.



ബ്രിട്ടീഷ് വിരുദ്ധകലാപങ്ങൾക്ക് അടിത്തറയായത് പ്രധാനമായും അവരുടെ നികുതി പിരിവിലെ മാറ്റങ്ങളും നാടിനെ സാമ്പത്തികമായി ചൂഷണം ചെയ്യാനുള്ള ശ്രമങ്ങളുമാണ്. വേലുത്തമ്പി, കേരളവർമ്മ എന്നിവരുടെ ചെറുത്തുനില്പുകളും കുറിച്യക്കലാപവും വിലയിരുത്തി ഈ പ്രസ്താവന പരിശോധിക്കുക.

ബ്രിട്ടീഷ് ഭരണം വരുന്നതിനുമുമ്പ് ഗ്രാമങ്ങൾ ഏതാണ്ട് സ്വയം പര്യാപ്തങ്ങളായിരുന്നു. നിത്യവൃത്തിക്കുള്ള വകകളും ഉടുതുണിയും മറ്റാവശ്യങ്ങളൊക്കെയും അതതുഗ്രാമത്തിൽതന്നെ ലഭ്യമായിരുന്നു. അതതു ദേശത്തു കിട്ടാത്തതുമാത്രം പുറമെനിന്നു വരുത്തി. കമ്പനി ഭരണം വന്നതോടെ നാടൻ ചരക്കുകളുടെ ഉത്പാദനം ക്ഷീണിച്ചു. അതിനുപകരം ഇംഗ്ലണ്ടിലെ ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്തു.

ഇംഗ്ലണ്ടിലെ ഫാക്ടറികൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ ചുരുങ്ങിയ വിലയ്ക്ക് അവർ ഇവിടെനിന്നും കടത്തിക്കൊണ്ടുപോയി. ഇംഗ്ലണ്ടിലുണ്ടാക്കിയ വ്യാവസായിക ഉത്പന്നങ്ങൾ കൂടിയ വിലയ്ക്ക് ഇവിടത്തുകാരിൽ അടിച്ചേല്പിച്ചു. ചരക്കുകളുടെയും സൈന്യത്തിന്റെയും നീക്കത്തിന് വേഗത കൂട്ടാൻ റോഡുകളും പാലങ്ങളും റെയിൽപാളങ്ങളും പണിതു. ഏതുകുഗ്രാമത്തിലും ബ്രിട്ടീഷുത്പന്നങ്ങൾ ലഭ്യമാകാൻ തുടങ്ങി. ഫലമോ? ഗ്രാമീണതൊഴിൽ മേഖല തകർന്നു. കുടുംബങ്ങൾ പട്ടിണിയിലായി. ഇംഗ്ലണ്ടിലെ മുതലാളിമാർക്ക് വൻതോതിൽ ലാഭമുണ്ടാക്കാൻ നമ്മുടെ നാട് നല്ലൊരു കളമായി.

ജനജീവിതത്തെ ദുസ്സഹമാക്കുന്ന നടപടിയായിരുന്നു വിഭവങ്ങളുടെ വ്യാപാരകുത്തക കൈയടക്കുന്നതിലൂടെ ഈസ്റ്റിന്ത്യാ കമ്പനി സ്വീകരിച്ചത്. ഉപ്പ്, പുകയില, തടി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വ്യാപാരം കമ്പനിയുടെ അധീനതയിൽ വന്നു. ഇതോടെ ഈ വസ്തുക്കൾക്ക് വിലക്കയറ്റം ഉണ്ടായി. പാവപ്പെട്ടവർ ഇതുമൂലം വളരെ കഷ്ടത്തിലായി.

മലബാറിലെ തേക്കുവ്യവസായം കമ്പനി കുത്തകയാക്കിയതോടെ ഈർച്ചപ്പണിക്കാരും മരക്കച്ചവടക്കാരും ദുരിതത്തിലായി. ഗുണമേന്മയോ വലിപ്പച്ചെറുപ്പമോ കണക്കാക്കാതെ പാവപ്പെട്ടവരടക്കമുള്ള എല്ലാവരുടെയും വീടുകൾക്ക് നികുതി ചുമത്തി കമ്പനി വരുമാനം കൂട്ടാൻ ശ്രമിച്ചു.

### അധികനികുതികൾ

*ഭൂനികുതിക്കും ഉപ്പ്, പുകയിലാദികൾക്കും ഈടാക്കിയ നികുതിക്കുപുറമെ ഈസ്റ്റിന്ത്യാ കമ്പനിയുടെ നികുതിവ്യവസ്ഥയുടെ കരാളഹസ്തങ്ങൾ മറ്റു നിത്യോപയോഗ വസ്തുക്കളുടെ മേലും പിടിമുറുക്കി. മറ്റ് അമ്പതോളം വ്യത്യസ്തങ്ങളായ നികുതികൾ കൂടി ജനങ്ങളിൽ നിന്നും ഈടാക്കാൻ തുടങ്ങി. വീട്, കടകൾ, കന്നുകാലി, കടത്ത്, മീൻവല, തറികൾ, കള്ള്, ചാരായം, വെട്ടുകത്തികൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയായിരുന്നു. ഫലത്തിൽ ഒന്നും സർക്കാരിന്റെ പിടിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല.*

ഉപ്പിന്റെയും പുകയിലയുടെയും കുത്തകയിൽനിന്നുള്ള വരുമാനം കാർഷികാദായ നികുതിയുമായി താരതമ്യം ചെയ്ത പട്ടിക.

| വർഷം | ഉപ്പ് | പുകയില | ആകെ | ഭൂനികുതി |
|---|---|---|---|---|
| 1809-13 | 1,30,756 | 21,426 | 1,52,182 | 17,18,782 |
| 1819-23 | 1,84,517 | 2,21,267 | 3,04,784 | 17,45,587 |
| 1829-33 | 2,44,363 | 4,14,125 | 6,58,488 | 15,48,839 |
| 1839-43 | 3,40,121 | 5,34,006 | 8,74,127 | 16,40,098 |
| 1849-53 | 3,35,870 | 4,88,270 | 8,24,140 | 16,35,574 |

(അവലംബം; പേജ് 31, ***മലബാർ കലാപം*** *പ്രഭുത്വത്തിനും രാജവാഴ്ച്ചയ്ക്കുമെതിരെ കെ.എൻ. പണിക്കർ)*

## നികുതി ഇങ്ങനെയും

*ചെറുകിട നികുതികൾ വഴി സർക്കാർ ഖജനാവിലേക്ക് വമ്പിച്ച തുക സമാഹരിക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചു. ഇതിനാൽ ജനങ്ങൾ അനുഭവിച്ച പ്രയാസങ്ങളുടെ ഉദാഹരണങ്ങൾ നോക്കൂ.*

*വനങ്ങളിൽ നിന്ന് വിറകുകൊള്ളികൾ ശേഖരിച്ച് ഉപജീവനം നടത്തിയ സ്ത്രീകൾക്ക് നികുതി കൊടുക്കാതെ വിറകുകെട്ടുകൾ കൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ല.*

*പുഴകടന്നു പോകേണ്ടിയിരുന്നവർക്കും നികുതി കൊടുക്കേണ്ടിയിരുന്നു. കടത്തുനികുതിയിൽ നിന്ന് ഒഴിവായിക്കിട്ടാൻ പലരും പുഴനീന്തിക്കടക്കാൻ ശ്രമിക്കവെ മുങ്ങിമരിക്കുകയുമുണ്ടായി.*

### ചൂഷണം എളുപ്പത്തിൽ

ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനിയമങ്ങൾ ഒട്ടേറെ ദുരിതങ്ങൾ സൃഷ്ടിച്ചതായി കാണാം.

- ഭൂനികുതി പണമായി ചുമത്താൻ തുടങ്ങി.
- ഭൂനികുതി ഏറിയതോതിൽ വർദ്ധിപ്പിച്ചു.
- യഥാർത്ഥ കൃഷിക്കാർക്ക് ഭൂമിയിലുള്ള അവകാശം നിഷേധിച്ചു.
- എല്ലാ ഭൂമിയുടെയും അവകാശം ജന്മിമാർക്കു മാത്രമായി.
- ജന്മിമാർക്ക് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും അനുവദിച്ചുകൊടുത്തു.
- ജന്മിമാരുടെ ചൂഷണവും ക്രൂരതയും മുമ്പെന്നത്തേക്കാളും വർദ്ധിച്ചു.

ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ തങ്ങൾക്കിഷ്ടമില്ലാത്ത പഴയ കുടിയാന്മാരെ ഒഴിപ്പിക്കും. കൂടുതൽ പാട്ടം നൽകാൻ തയ്യാറായ കുടിയാന്മാർക്ക് ആ ഭൂമി ഏൽപ്പിച്ചുകൊടുക്കും. ഓരോ ജന്മിയും പാട്ടത്തിനുപുറമെ കുടിയാന്മാരിൽ നിന്നും പലരീതിയിലുള്ള മാമൂലുകളും പിരിച്ചെടുത്തു. പൊളിച്ചെഴുത്തു പോലുള്ള ഏർപ്പാടുകൾ കുടിയാന്മാരുടെ നില ദയനീയമാക്കി.

## പൊളിച്ചെഴുത്തും മേൽച്ചാർത്തും

*പന്തീരാണ്ടുകൂടുമ്പോൾ കുടിയാൻ ജന്മിയുമായുള്ള കരാർ പുതുക്കണം. ഇതാണ് പൊളിച്ചെഴുത്ത്. ഈ സമയത്ത് ജന്മി പലതരത്തിലുള്ള പിരിവുകളും കുടിയാനിൽനിന്ന് ഈടാക്കും. കൂടുതൽ പാട്ടം നൽകാൻ തയ്യാറുള്ള കുടിയാന് പഴയ കുടിയാനെ ഒഴിവാക്കി ഭൂമി ചാർത്തികൊടുക്കുന്ന ഏർപ്പാടിന് മേൽച്ചാർത്ത് എന്നു പറയും. ഇതു രണ്ടും കുടിയാന്മാരെ ഏറെ വലച്ചു.*

ജന്മിയും അയാളുടെ കാര്യസ്ഥനും എന്തു പറഞ്ഞാലും കർഷകർ അനുസരിക്കുകയേ നിവൃത്തിയുള്ളൂ എന്ന നിലവന്നു. ഇല്ലെങ്കിൽ ഏറെ ഭവിഷ്യത്തുകൾ നേരിടേണ്ടി വരും. ജന്മിയെപേടിച്ചു കഴിഞ്ഞുകൂടേണ്ടിവന്നരാണ് പാട്ടക്കുടിയാന്മാരും പാട്ടക്കാരും.

ബ്രിട്ടീഷ് സർക്കാരും ജന്മിമാരും പോലീസും കോടതിയും ഒത്തുചേർന്ന് കൃഷിക്കാരെ പരമാവധി ദ്രോഹിക്കാൻ തുടങ്ങി. അസംതൃപ്തരായ കൃഷിക്കാർ പ്രതിഷേധിച്ചു. അവരുടെ വിദ്വേഷവും അതൃപ്തിയും ജന്മിമാർക്കെതിരെയും അവരെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും തിരിഞ്ഞു. ഇത് സംഘടിതസമരങ്ങളായി മാറി. എതിർത്തവരെ മാത്രമല്ല, അവർ താമസിച്ചിരുന്ന പ്രദേശത്തെ ജനങ്ങളെ മുഴുവൻ കൂട്ടപ്പിഴ ചുമത്തി ശിക്ഷിച്ചു. ഇത് കൂടുതൽ വിദ്വേഷം വളർത്തി.



നമ്മുടെ നാടിന്റെ പൈതൃകസ്വത്ത് കൊള്ളയടിക്കാൻ വേണ്ടി ഉണ്ടാക്കിയ ബ്രിട്ടീഷ്-ജന്മി കൂട്ടുകെട്ടും അവരുടെ നയപരിപാടികളും ഗ്രാമീണജീവിതത്തിന് എന്തെല്ലാം പ്രയാസങ്ങൾ വരുത്തിവച്ചു. ചർച്ച ചെയ്യൂ.

## മലബാറിലെ കർഷകകലാപങ്ങൾ

മാപ്പിളമാരായ ചെറുകിടകർഷകർ, കർഷകത്തൊഴിലാളികൾ, കൈത്തൊഴിലുകാർ, ചെറുകിടകച്ചവടക്കാർ തുടങ്ങിയവരുടെ വ്യത്യസ്തകാലങ്ങളിലെ പ്രതിഷേധമാണ് മലബാറിൽ ബ്രിട്ടീഷുകാർക്കെതിരെയുള്ള കലാപങ്ങളായി രൂപംകൊണ്ടത്. സ്വാതന്ത്ര്യസമരചരിത്രത്തിന്റെ ഭാഗമായി നടന്ന ഈ കലാപങ്ങളിലെ സാധാരണക്കാരുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. മലബാറിൽ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലുള്ള കർഷകരിൽ വലിയൊരു പങ്ക് മുസ്ലീം വിഭാഗത്തിൽപ്പെട്ട മാപ്പിളമാരായിരുന്നു. ഇവരായിരുന്നു കർഷകസമരങ്ങളിൽ ഉൾപ്പെട്ടിരുന്നത്. അതിനാൽ 'മാപ്പിളമാരുടെ' ലഹളകൾ എന്നാണ് ബ്രിട്ടീഷുകാർ ഇതിനെ പരിഹസിച്ച് വിളിച്ചത്.

മൈസൂർ രാജാക്കന്മാർ മലബാറിൽ നടത്തിയ അക്രമങ്ങളെത്തുടർന്ന് ജന്മിമാരും നാടുവാഴികളും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്നു. അവരുടെ അധീനതയിലായിരുന്ന ഭൂമി മാപ്പിളകുടിയാന്മാർക്കു ലഭിക്കുകയുണ്ടായി. അവർ നികുതിയടച്ച് ഭൂമി സ്വന്തമായി ഉപയോഗിച്ചുവന്നു. മലബാർ ബ്രിട്ടീഷ് ആധിപത്യത്തിലായതോടെ തിരുവിതാംകൂറിൽ അഭയംപ്രാപിച്ച ജന്മിമാർ തിരിച്ചുവന്നു. ബ്രിട്ടീഷുകാർ മാപ്പിളമാരിൽ നിന്ന് ഭൂമി ജന്മിമാർക്ക് തിരിച്ചുനൽകി. കർഷകരിൽ നിന്ന് നികുതി പിരിച്ചെടുക്കാനുള്ള ചുമതലയും അവർക്കായി.

ജന്മിമാരുടെയും നാടുവാഴികളുടെയും സഹകരണത്തോടെ മാത്രമേ തങ്ങളുടെ സാമ്രാജ്യത്വ ചൂഷണഭരണം നടത്താനാവൂ എന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി. കേരളവർമ്മ എന്ന ഒരൊറ്റ നാടുവാഴിയെ ഒതുക്കാൻ ഏറെ വർഷം ചെലവിടേണ്ടി വന്നത് അവർ മറന്നില്ല. മറ്റു നാടുവാഴികളെല്ലാം ചേർന്ന് ലഹളയ്ക്കൊരുങ്ങിയാൽ തങ്ങളുടെ താൽപ്പര്യങ്ങൾ തടസ്സപ്പെടുമെന്ന് അവർ മനസ്സിലാക്കി. ജന്മി-നാടുവാഴി വിഭാഗത്തെ കയ്യിലെടുത്ത്, അവർ മുഖേന നാട്ടുകാരുടെ പിന്തുണ നേടിയാൽ ഏറെക്കാലം ഭരണം തുടരാം എന്ന് ബ്രിട്ടീഷുകാർ കണക്കാക്കി. കമ്പനിയുടെ അധികാരത്തെ ചോദ്യം ചെയ്യാതെ കഴിയുമ്പോൾ തോന്നിയതുപോലെ പാട്ടം പിരിച്ച് നാട്ടിൽ ഏറെ സ്വാധീനമുള്ളവരായി കഴിയാമെന്ന് ജന്മിമാരും കരുതി. ബ്രിട്ടീഷുകാരുടെ രാഷ്ട്രീയാധികാരത്തിനു കീഴിൽ തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ജന്മിമാരും നാടുവാഴികളും മനസ്സിലാക്കി. അവർക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനവും സാമ്പത്തികമായ അധികാരാവകാശങ്ങളും കൊടുത്ത് ബ്രിട്ടീഷുകാർ നിലകൊണ്ടു. എല്ലാ രംഗത്തും തങ്ങളെ ആശ്രയിച്ചുനിൽക്കുന്ന ഒട്ടേറെ നാട്ടുപ്രമാണിമാരെ സൃഷ്ടിച്ച് അവരിലൂടെ നാട്ടുകാരുടെ മേൽ സർവ്വാധികാരവും നിലനിർത്താൻ ശ്രമിച്ച ബ്രിട്ടീഷ് തന്ത്രത്തിന്റെ ഫലമായിട്ടായിരുന്നു സാമ്രാജ്യത്വ ഭരണത്തിലും കേരളത്തിൽ ജന്മിസമ്പ്രദായം നിലനിന്നത്.

### ജന്മവും കാണവും

*ഭൂമിയുടെ മേൽ പലർക്കും പല അവകാശങ്ങളും ഉണ്ടായിരുന്നു. ഇതിൽ ഏറ്റവും ഉയർന്ന അവകാശത്തിനു ജന്മം എന്നു പറയും. ജന്മാവകാശമുള്ള ആൾ ജന്മി. ജന്മിക്കു ഒരു നിശ്ചിത തുക ഈടായി നൽകി ഭൂമി കൃഷിക്ക് ഏറ്റെടുത്തു വാങ്ങുന്നതിന് കാണം എന്നുപറയും. ഇങ്ങനെ ഏറ്റെടുക്കുന്ന ആൾ കാണക്കുടിയാൻ. കാണക്കുടിയാൻ നിശ്ചിത സംഖ്യ നെല്ലായോ പണമായോ ജന്മിക്കു കൊടുക്കണം ഇതു പാട്ടം. ഇതിൽനിന്ന് കാണസംഖ്യയുടെ പലിശ കിഴിക്കും. കാണാവകാശത്തിന്റെ കാലാവധി പന്ത്രണ്ടുവർഷം. ഈടൊന്നും കൊടുക്കാതെ ജന്മിയോട് ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്തവരെ വെറുമ്പാട്ട കുടിയാന്മാർ എന്നു പറയും.*

ജന്മിമാർ അമിതമായ പാട്ടം ചുമത്തി കർഷകരെ ദ്രോഹിച്ചു. ബ്രിട്ടീഷ്-ജന്മി കൂട്ടുകെട്ടിന്റെ ഫലമായിരുന്നു ഇത്. മാപ്പിളമാരായ കർഷകരിലേറെയും ചെറുകിടകുടിയാന്മാരും കർഷകത്തൊഴിലാളികളുമായിരുന്നു. കനത്ത പാട്ടം ഈടാക്കാൻ തുടങ്ങിയത് അവരിൽ അമർഷത്തിന്റെ വിത്തുപാകി. ടിപ്പുവിന്റെ സഹായികളായിരുന്നു എന്നു മുദ്രകുത്തി ബ്രിട്ടീഷുകാരും ജന്മിമാരും മാപ്പിളമാരായ കുടിയാന്മാരോടും കർഷകത്തൊഴിലാളികളോടും പ്രത്യേകം ശത്രുത വച്ചുപുലർത്തി. ഇത് കലാപങ്ങളിലാണ് കലാശിച്ചത്. കലാപകാരികൾ മാപ്പിളമാരും കലാപത്തിനിരയായവർ ഹിന്ദുജന്മിമാരും അവരുടെ സഹായികളായ ഉദ്യോഗസ്ഥന്മാരുമായതിനാൽ ഈ കർഷകസമരങ്ങളെ വർഗ്ഗീയകലാപങ്ങളായി ബ്രിട്ടീഷുകാർ പ്രചരിപ്പിച്ചു. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം ബ്രിട്ടീഷുകാർ ഇവിടെയും പ്രയോഗിച്ചു. വർഗീയ വേർതിരിവുണ്ടാക്കി സമൂഹത്തിൽ വിദ്വേഷം വളർത്തി ലഹളക്കാരെ ഒതുക്കാനുള്ള നികൃഷ്ടമായ പ്രവർത്തനങ്ങൾ നടത്താൻ ജന്മിമാരും മറ്റും ബ്രിട്ടീഷുകാർക്ക് കൂട്ടുനിന്നു.

### പണ്ടാരപ്പാട്ടവിളംബരം

ബ്രിട്ടീഷ് ഭരണം വന്നതോടെ തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിലും ജന്മിനാടുവാഴി വിഭാഗത്തെ നിലനിർത്തുന്ന സാഹചര്യം ഉണ്ടായി. തിരുവിതാംകൂറിൽ ഭൂവുടമാബന്ധങ്ങളിൽ മാറ്റം വരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. മാർത്താണ്ഡ വർമ്മയുടെ കാലത്ത് കൃഷിയാവശ്യങ്ങൾക്കായി പണ്ടാരവക (സർക്കാർ) ഭൂമി ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും പാട്ടത്തിനു കൊടുത്തിരുന്നു. പിന്നീട് ഈഴവർക്കും മറ്റു പിന്നാക്കക്കാർക്കും ഭൂമി നൽകാൻ തുടങ്ങി. കൃഷി വർദ്ധിപ്പിച്ച് നികുതിപിരിവ് നടത്തി ഖജനാവിലേക്ക് വരുമാനം കൂട്ടുക എന്നതായിരുന്നു ലക്ഷ്യം. ബ്രിട്ടീഷുകാർക്ക് കപ്പം കൊടുക്കാനും പട്ടാളത്തെ തീറ്റിപ്പോറ്റാനും പണം കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഇതാണ് വിളംബരത്തിനു പ്രേരണയായത്.

കൃഷിയിലൂടെയും കുരുമുളക്, ഏലം തുടങ്ങിയവയുടെ കച്ചവടത്തിലൂടെയും സമ്പന്നരായ ഒരു വിഭാഗം തിരുവിതാംകൂറിൽ വളർന്നു വരാൻ തുടങ്ങി. ക്രമേണ ഭൂമിയുടെ കൈവശാവകാശം ഉടമാവകാശമാക്കിയെടുക്കാൻ ഇക്കൂട്ടർ ശ്രമിച്ചു. ഇതിനായി പ്രക്ഷോഭങ്ങൾ നടത്തി. ഒടുവിൽ തിരുവിതാംകൂർ സർക്കാർ ഈ ആവശ്യം അനുവദിച്ചു. പണ്ടാരപ്പാട്ടവിളംബരത്തിലൂടെ പണ്ടാരവക ഭൂമി കൈവശം വച്ചനുഭവിക്കുന്നവർക്ക് ഉടമസ്ഥാവകാശവും പിന്തുടർച്ചാവകാശവും കൈമാറ്റാവകാശവും നൽകുന്നതായിരുന്നു ഈ വിളംബരം.

പണ്ടാരപ്പാട്ടവിളംബരവും തുടർന്നുവന്ന ജന്മി-കുടിയാൻ വിളംബരവും പ്രകാരം യഥാർത്ഥകൃഷിക്കാരന് ഉടമസ്ഥാവകാശം ലഭിക്കുകയുണ്ടായില്ല. പണ്ടാരവകയോ ദേവസ്വം വകയോ ബ്രഹ്മസ്വം വകയോ ഉള്ളഭൂമി കൈവശം വച്ചിരുന്നവർക്ക് മാത്രമാണ് ഉടമസ്ഥാവകാശം ലഭിച്ചത്. യഥാർത്ഥകർഷകർ ഇതിൽ നിന്ന് പുറത്തായി. അവർ കൊടിയ പീഡനങ്ങൾക്ക് വിധേയരാവുകയും ചെയ്തു. കുടിയാന്മാരിൽ നിന്ന് കൂടുതൽ പാട്ടം ഈടാക്കി. ഇതു നൽകാൻ കഴിയാത്ത കുടിയാനെ ഒഴിവാക്കി പുതിയ ആൾക്ക് കൃഷി നടത്താനുള്ള അവകാശം ജന്മിമാർ നൽകി. യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവനെ കൃഷിഭൂമിയിൽ നിന്നും ഒഴിവാക്കാൻ ജന്മിമാർ നടപടികൾ തുടങ്ങി. തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലുണ്ടായിരുന്ന ജന്മിമാരുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥരും പോലീസും കോടതിയും നിലകൊണ്ടു.

പാട്ടക്കുടിയാന്മാരുടെ പ്രശ്നങ്ങൾ ഗുരുതരമായി തുടർന്നു. അവരുടെ പ്രതിഷേധം പ്രക്ഷോഭമായി വളർന്നു. സ്വാതന്ത്ര്യസമരകാലഘട്ടത്തിലും പിന്നീടും ഇവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ സംഘടിത കർഷക പ്രസ്ഥാനങ്ങൾ തയ്യാറായി.

പണ്ടാരപ്പാട്ടവിളംബരവും ജന്മി-കുടിയാൻ വിളമ്പരവും കർഷകരുടെ ദുരിതങ്ങൾ പെരുപ്പിച്ചെങ്കിലും ഭൂമിയുടെ ക്രയവിക്രയത്തിന് അനുകൂലമായ സാഹചര്യം ഒരുക്കി. ഇതോടെ കൃഷിഭൂമിയുടെ ഉപയോഗത്തിൽ വമ്പിച്ച മാറ്റങ്ങൾ വരാൻ തുടങ്ങി.



പണ്ടാരപ്പാട്ടവിളംബരവും ജന്മി-കുടിയാൻ വിളംബരവും ഭൂവുടമസ്ഥതയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെ? കർഷകർക്ക് ഈ മാറ്റങ്ങൾ എത്രമാത്രം സഹായകമായി? ചർച്ച ചെയ്യുക.

### തോട്ടവിള

നെൽക്കൃഷിയുടെ സ്ഥാനത്ത് നാണ്യവിളകളുടെ കൃഷി പലയിടത്തും വ്യാപകമായി. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട വിളകൾക്ക് ഏറെ പ്രചാരം കിട്ടി. അതുവരെ വനമേഖലയായിരുന്ന ഹൈറേഞ്ചുപ്രദേശങ്ങൾ തോട്ടവിളകൾക്കും നാണ്യവിളകൾക്കും ഉപയോഗിച്ചു തുടങ്ങി. ആദ്യമൊക്കെ ഇംഗ്ലീഷുകാരുടെ ഉടമയിലുള്ള വലിയതോട്ടങ്ങൾ ഉണ്ടായി. പിന്നെപ്പിന്നെ സമതലങ്ങളിൽ നിന്നു കുടിയേറ്റം ആരംഭിച്ചു. മധ്യതിരുവിതാംകൂറിൽ നിന്ന് ആദ്യം ഹൈറേഞ്ചിലേക്കും പിന്നീട് മലബാറിലെ വനമേഖലയിലേക്കും കുടിയേറ്റം വ്യാപിച്ചു. കുടിയേറ്റക്കാരിലേറെയും വിസ്തൃതമായ തോട്ടങ്ങൾക്കുടമകളായി. അങ്ങനെ കേരളത്തിന്റെ മലയോരം നാണ്യവിളകളുടെ ഉല്പാദനഭൂമിയായി.

*'... കുറേക്കാലമായി മലബാറിൽ കുറെ സ്ഥലം വാങ്ങാൻ ദേവസ്യച്ചൻ ആലോചിച്ചു നടക്കുകയായിരുന്നു. തന്റെ കരയിൽ നിന്നുതന്നെ പത്തോ അമ്പതോ വീട്ടുകാർ ഇതിനകം വണ്ടി കേറി മലബാറിനു പോയിക്കഴിഞ്ഞിരുന്നു. തിരുവിതാംകൂറിലാണെങ്കിൽ യാതൊന്നും വളരാത്ത ഊഷരഭൂമിക്കു കൂടി ഏക്കറിനു നൂറും ഇരുനൂറും ഉറുപ്പിക വിലയായിക്കഴിഞ്ഞു. മലബാറിലാണെങ്കിൽ നല്ല കാടിന് ഏക്കറിന് നാലോ അഞ്ചോ ഉറുപ്പിക കൊടുത്താൽ മതിയാകുമെന്നാണ് കേൾക്കുന്നത്. ജന്മമായിരിക്കില്ല. അമ്പതോ അറുപതോ കൊല്ലക്കാലത്തേക്കുള്ള പാട്ടം. അതു പുതുക്കിക്കിട്ടാനുള്ള സാധ്യതയും പാട്ടസംഖ്യയും തുച്ഛമായിരിക്കും. അതുപോലെ തന്നെ നികുതിയും. വസ്തുവിൽ നിന്നു പറഞ്ഞയയ്ക്കുന്ന കാലത്തു നല്ല ദേഹണ്ഡവിലയും കിട്ടും...' (കാട് ഇ. എം. കോവൂർ)*



ഭൂവുടമസ്ഥതയിൽ വന്ന മാറ്റം കാർഷികരംഗത്ത് വരുത്തിയ മാറ്റങ്ങൾ ചർച്ച ചെയ്യുക. ഇവ കാർഷിക പുരോഗതിക്ക് അനുഗുണമായിരുന്നോ?

### മൂലധനനിക്ഷേപം

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ബ്രിട്ടീഷുകാർ കേരളത്തിൽ മൂലധനനിക്ഷേപമാരംഭിച്ചിരുന്നു. ആദ്യം മലനാട്ടിലെ തോട്ടം മേഖലയിലാണ് ഇതുണ്ടായത്. കാപ്പി, തേയില മുതലായ തോട്ടങ്ങൾക്കായിരുന്നു അവർ പണം മുടക്കിയത്. മർഡോക്ക് ബ്രൗൺ, കണ്ണൻ ദേവൻ കമ്പനി, ഈ ആൻഡ് എസ് കമ്പനി, മലയാളം പ്ലാന്റേഷൻസ് എന്നിവ ഇതിനുദാഹരണങ്ങളാണ്. തിരുവിതാംകൂറിൽ ഒന്നരലക്ഷം ഹെക്ടറും മലബാറിൽ അമ്പതിനായിരം ഹെക്ടറും കൊച്ചിയിൽ ഇരുപത്തി അയ്യായിരം ഹെക്ടറും തോട്ടഭൂമി ബ്രിട്ടീഷുകാർക്കുണ്ടായിരുന്നു. ആയിരക്കണക്കിനു തൊഴിലാളികൾ ഇവയിൽ പണിയെടുത്തിരുന്നു. തമിഴ്നാട്ടിൽനിന്നും കേരളത്തിൽ നിന്നുള്ളവരുമായിരുന്നു അവർ. തോട്ടം മേഖലയ്ക്കു പുറമെ കച്ചവടം, ബാങ്കിങ്ങ് എന്നീ മേഖലകളിലും ബ്രിട്ടീഷുകാർ മൂലധനം മുടക്കി. തോട്ടം, വ്യാപാര സ്ഥാപനങ്ങൾ, ബാങ്ക് തുടങ്ങിയ അമ്പതിൽപ്പരം സ്ഥാപനങ്ങളിൽ മുതൽമുടക്കിയ ഹാരിസൺ ആൻഡ് ക്രോസ്ഫീൽസ് കമ്പനി ഉദാഹരണം.

പിയേഴ്സ് ലസ്ലി, ആസ്പിൻവാൾ എന്നീ കമ്പനികളും കേരളത്തിൽ മൂലധനമിറക്കി. ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽ ബാങ്ക്, ചാർട്ടേഡ് ബാങ്ക് എന്നിവയായിരുന്നു പ്രധാന പണമിടപാടു സ്ഥാപനങ്ങൾ. എല്ലാ കമ്പനികളും കൂടിച്ചേർന്ന് 1857-ൽ കൊച്ചിയിൽ ചേമ്പർ ഓഫ് കോമേഴ്സ് സ്ഥാപിച്ചു. ഇത് കേരളവും ലോകകമ്പോളവുമായി ബന്ധം സ്ഥാപിക്കാൻ ഇടയേകി. ബ്രിട്ടീഷ് മൂലധനം അതിനെ ബന്ധിപ്പിക്കുന്ന കണ്ണിയായി.

ഇതോടെ തൊഴിലാളികളും കൃഷിക്കാരും പരമ്പരാഗത തൊഴിൽമേഖലവിട്ട് ഓട്, കയർ തുടങ്ങിയ വ്യവസായമേഖലകളിലേക്ക് നീങ്ങി. പൊതുമരാമത്ത്, പോലീസ്, പട്ടാളം തുടങ്ങിയ സേവന രംഗങ്ങളിലേക്കും കുറേപ്പേരെ നിയമിച്ചു. സാമൂഹ്യബന്ധങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാവാൻ ഇതുകാരണമായി. കേരളത്തിലെ വിദ്യാഭ്യാസവ്യാപനത്തിന് പ്രേരണയായതും ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റമാണ്.



സാമ്രാജ്യത്വവികസനത്തിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള കോളനികളിൽ മുതലാളിത്ത രാജ്യങ്ങൾ മൂലധനനിക്ഷേപം നടത്തിയത് നാം കണ്ടു. ബ്രിട്ടീഷ് കമ്പനികൾ കേരളത്തിൽ നടത്തിയ മൂലധനനിക്ഷേപം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ ഏതെല്ലാം തരത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്? ചർച്ച ചെയ്യു.

### കർഷകസംഘം

കർഷകരുടെ കഷ്ടപ്പാടുകൾക്ക് അറുതിവരുത്താൻ കർഷകർ സംഘടനകൾ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. കർഷകരുടെ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താനും അവരുടെ ദീനമായ ജീവിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനും ദീർഘകാലം പൊരുതേണ്ടിവന്നു. അഖിലമലബാർ കർഷക സംഘം കേരളത്തിലെ ആദ്യകാലത്തെ കർഷക ക്കൂട്ടായ്മയാണ്.

ഉല്പാദനപ്രക്രിയയിൽ ഇടപെട്ട് സമൂഹത്തിന്റെ പുരോഗതിയിൽ നിർണായകമായ സ്വാധീനം ചെലുത്തിയ കർഷകർക്കെതിരെ ഉണ്ടായ വിലക്കുകൾ

ക്കെതിരെ രൂപപ്പെട്ട പ്രതിഷേധത്തിന്റെ ഫലമായാണ് കേരളത്തിൽ കർഷകപ്രസ്ഥാനം മുളപൊട്ടിയത്.

കർഷകരുടെ അന്നത്തെ അവസ്ഥയെ സ്വതന്ത്ര ഇന്ത്യയിലെ മലബാറിൽനിന്നുള്ള ആദ്യ ജനപ്രതിനിധിയായ എ. കെ. ഗോപാലൻ തന്റെ ആത്മകഥയിൽ വിവരിച്ചതു നോക്കു:

*''കർഷകരുടെ അവസ്ഥ ...ദയനീയമാണ്; താങ്ങാനാവാത്ത കരം, കടം, പാട്ടം. ജന്മിയുടെ ഇഷ്ടക്കേടിനനുസരിച്ചും ദുഃഖം, തിടുക്കം തുടങ്ങിയ മനോഭാവവ്യത്യാസങ്ങളനുസരിച്ചും അവന് നഷ്ടം സംഭവിക്കുന്നു. ജന്മിയുടെ വീട്ടിലെ ഓരോ ജനനവും മരണവും കുടിയാന്റെ ഭാരം കൂട്ടുന്നു. ഓരോ അവസരത്തിലും അവൻ കൂലിയില്ലാതെ കുറേ പണിയെടുക്കണം. അവൻ ജന്മിയുടെ കന്നുകാലികളെ കൂലിയില്ലാതെ നോക്കണം. വാതിൽ കാക്കണം, തലകുനിച്ചുകൊണ്ടു വഴിമാറണം. അവൻ നല്ല വസ്ത്രങ്ങൾ ധരിക്കാൻ പാടില്ല. അവൻ ഉടുക്കുന്ന മുണ്ട് മുട്ടുവരെ എത്തരുത്. അവൻ വണ്ണം വയ്ക്കാൻ പാടില്ല. അവന്റെ സ്ത്രീകൾ സുന്ദരികളാകരുത്. വിജ്ഞാനദീപം കർഷകന്റെ മനസ്സിനെ പ്രകാശിപ്പിക്കരുത്. കർഷകൻ അടുത്തു വരികയോ സ്പർശിക്കയോ ചെയ്യരുത്.*

*നടൽ, വളമിടൽ, കായികാധ്വാനം, മഴ, കാവൽകിടക്കൽ ഇതൊന്നും ജന്മി സ്വയം സഹിക്കുകയില്ല. ഭൂമി അവന്റേതാണെന്നുള്ള സർക്കാരിന്റെ അധികാരമുദ്രമാത്രമാണ് ജന്മിയുടെ അവകാശം. കൊടുങ്കാറ്റോ, വെള്ളപ്പൊക്കമോ, മഴയില്ലായ്മയോ മറ്റു കെടുതികളോമൂലം കൃഷിപ്പിഴ വന്നാൽ അതു ജന്മിയെ ബാധിക്കുകയില്ല. വിലക്കുറവിനെയും അയാൾ കണക്കാക്കുകയില്ല. 'നേരത്തെ സമ്മതിച്ചത് എനിക്കു കിട്ടണം' അല്ലെങ്കിൽ അയാൾക്കതുവാങ്ങികൊടുക്കാൻ സർക്കാരും നിയമവുമുണ്ട്. പക്ഷേ കർഷകനു ശത്രുമിത്രങ്ങളെ തിരിച്ചറിയുക വിഷമമാണ്. ലോകം മുഴുവൻ അവനെതിരാണെന്ന് അവൻ കരുതുന്നു. ജന്മിത്വവ്യവസ്ഥിതിയുടെ അജ്ഞതകളും അന്ധവിശ്വാസങ്ങളും അവൻ മുറുകെപ്പിടിക്കുന്നു. ഈ ജീവിതത്തിൽ അതിനപ്പുറം ഒരടിവയ്ക്കാൻ പോലും അവനു ധൈര്യമില്ല. 'ഒരു തുള്ളിക്കഞ്ഞിക്കായെരിയുന്ന കർഷകർ ഇരുകാലിമാടുകളായിരുന്നു' എന്നു കവി പാടിയതു കർഷകരെ സംബന്ധിച്ചിടത്തോളം പൂർണസത്യമാണ്.'' (എന്റെ ജീവിത കഥ, പേജ്-63)*

## വിദ്യാഭ്യാസം കേരളത്തിൽ

എഴുത്തുപള്ളികൾ, ശാലകൾ, ഗുരുകുലങ്ങൾ, സഭാമഠങ്ങൾ, കളരികൾ തുടങ്ങിയവയായിരുന്നു പഴയകാലത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ. സമൂഹത്തിലെ ഭൂരിഭാഗം വരുന്ന ജനങ്ങൾക്കും ഈ ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളുമായി യാതൊരു ബന്ധവുമില്ലായിരുന്നു പ്രത്യേകിച്ച് കീഴ്ജാതിക്കാരായി വേർതിരിക്കപ്പെട്ട ജനവിഭാഗത്തിനും സ്ത്രീകൾക്കും. സങ്കീർണമായ ജാതിവ്യവസ്ഥയും വിദ്യാഭ്യാസം സംബന്ധിച്ച കാഴ്ചപ്പാടും ഈ അവസ്ഥ തുടരാൻ പറ്റിയ സാഹചര്യമൊരുക്കി.

## മിഷനറിമാർ

ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ മതപ്രചാരണം മുഖ്യലക്ഷ്യമായി കേരളത്തിൽ വന്ന മിഷനറിമാരാണ് കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിക്കുന്നത്. ജാതി അടിസ്ഥാനത്തിലല്ലാതെ പൊതുവിദ്യാഭ്യാസത്തിനുള്ള കേന്ദ്രങ്ങളാണ് ഇവർ സ്ഥാപിച്ചത്. വിദ്യാഭ്യാസരംഗത്തു നിലനിന്ന പിന്നോക്കസാഹചര്യങ്ങളിൽ തെല്ലെങ്കിലും മാറ്റം ഉണ്ടാക്കാൻ ഇത് ഇടയാക്കി.

മിഷനറിമാരുടെ വരവും തുടർന്ന് അവർ സ്ഥാപിച്ച പൊതുവിദ്യാലയങ്ങളും ബ്രിട്ടീഷ് ഭരണകൂടത്തിന് ഏറെ സഹായകമായി. തങ്ങളുടെ ഭരണനയത്തിന് അനുകൂലമായ പ്രചാരണവും ഇംഗ്ലീഷ് ജീവിതശൈലിയുടെ വ്യാപനവും സുഗമമായി നടന്നു. നാട്ടുരാജാക്കന്മാർ വഴി മിഷനറിമാർക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്താൻ ഈസ്റ്റിന്ത്യാ കമ്പനി ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിച്ചു.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് തങ്ങളുടെ കാര്യം നടത്താൻ എഴുത്തും വായനയും അറിയുന്നവരെ ആവശ്യമായി വന്നു. ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ച മലബാറിലും രാജാക്കന്മാരുടെ മേൽ റസിഡണ്ടിന് സ്വാധീനമുള്ള തിരുവിതാംകൂറിലും കൊച്ചിയിലും വിദ്യാഭ്യാസം വ്യാപിപ്പിക്കാൻ അവർ നടപടികൾ സ്വീകരിച്ചു.

ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്.), ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.), ബാസൽ ഇവാഞ്ജലിക്കൽ മിഷൻ (ബി.ഇ.എം.) എന്നിവയായിരുന്നു കേരളത്തിൽ വിദ്യാഭ്യാസവ്യാപനത്തിന് തുടക്കം കുറിച്ചത്.

ലണ്ടൻ മിഷൻ സൊസൈറ്റി മുഖ്യമായും പ്രവർത്തിച്ചത് തിരുവിതാംകൂറിലായിരുന്നു. അവിടത്തെ തമിഴ്

മേഖലയിലും മലയാളം സംസാരിക്കുന്നവരിൽ ഒരു വിഭാഗത്തിനിടയിലുമാണ് അവർ പ്രവർത്തനം നടത്തിയത്.

കൊച്ചിയും തിരുവിതാംകൂറുമായിരുന്നു ചർച്ച് മിഷൻ സൊസൈറ്റിയുടെ പ്രവർത്തനമേഖല. ബാസൽ ഇവാഞ്ജലിക്കൽ മിഷന്റെ പ്രവർത്തനരംഗം മലബാറും. ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപകമാക്കുന്നതിന് ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. മതപ്രചാരണത്തിനുള്ള ഉപാധി കൂടിയായാണ് മിഷനറി സംഘങ്ങൾ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്.

അധഃകൃതവിഭാഗങ്ങൾക്കിടയിലായിരുന്നു മിഷനറിമാർ പൊതുവെ തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിയത്. പാശ്ചാത്യമാതൃകയിലുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ അവർ കൂടുതൽ താല്പര്യമെടുത്തു. പെൺകുട്ടികൾക്കു മാത്രമായി പ്രത്യേകം വിദ്യാലയങ്ങൾ സ്ഥാപിച്ചു. ജാതിമതഭേദമന്യേ കുട്ടികൾക്ക് പ്രവേശനം നൽകുന്ന സ്കൂളുകളും കോളേജുകളും പലയിടങ്ങളിലായി നിലവിൽവന്നു. നിഘണ്ടുവും വ്യാകരണവും തയ്യാറാക്കി. ബഞ്ചമിൻ ബെയ്‌ലി, റവ. ജോർജ്ജ് മാത്തൻ, ഹെർമൻ ഗുണ്ടർട്ട് എന്നിവരുടെ പ്രവർത്തനങ്ങൾ ഈ ദിശയിലുള്ളതായിരുന്നു.

മിഷനറി സംഘങ്ങൾ സ്വീകരിച്ച പൊതുവിദ്യാഭ്യാസപ്രവർത്തനങ്ങളെ തുടർന്നാണ് ഗവൺമെന്റ് ഈ രംഗത്ത് പ്രവേശിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെട്ട സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചത് സവർണവിഭാഗക്കാർക്കുമാത്രമാണ്. അവർണരൊക്കെയും സ്വകാര്യസ്കൂളുകളിലാണ് പഠിച്ചത്. ആദ്യകാലത്ത് അവിടത്തെ സർക്കാർ സർവ്വീസിൽ സവർണരെ മാത്രമാണ് നിയമിച്ചിരുന്നത്. യൂറോപ്യൻ മിഷനറിമാർ സ്ഥാപിച്ച അച്ചുകൂടങ്ങൾ വഴി ധാരാളം പുസ്തകങ്ങൾ അച്ചടിച്ചു പ്രചരിപ്പിച്ചു. അച്ചടിയും പുസ്തകപ്രചാരണവും വ്യാപിച്ചതോടെ സവർണരല്ലാത്ത ജനവിഭാഗങ്ങളിൽ നിന്നു ആധുനിക വിദ്യാഭ്യാസത്തിനുള്ള ആവശ്യമുയർന്നു. സർക്കാർ സ്കൂളുകളേക്കാൾ ഏറെ മിഷനറി ഉടമസ്ഥതയിലുള്ള സ്കൂളുകളാണ് അന്ന് ഉണ്ടായിരുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കാർഷികരംഗത്തും വാണിജ്യരംഗത്തുണ്ടായ പുരോഗതി ഈഴവരുൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് സാമ്പത്തിക വളർച്ച ഉണ്ടാകാനിടയാക്കി. ഇത്

### സ്ഥാപനങ്ങൾ

*ചർച്ച് മിഷൻ സൊസൈറ്റി 1813-ൽ കോട്ടയത്ത് ഒരു കോളേജും സെമിനാരിയും ആരംഭിച്ചു. റവ. മീഡിന്റെ നേതൃത്വത്തിലാണ് ഇത് സ്ഥാപിച്ചത്. തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന റാണി ഗൗരി പാർവ്വതിഭായി 1817-ൽ ഇറക്കിയ ഉത്തരവുപ്രകാരം നാട്ടുഭാഷാവിദ്യാലയങ്ങൾ (വെർണാക്കുലർ സ്കൂളുകൾ) ആരംഭിച്ചു. വിദ്യാഭ്യാസത്തിന്റെ ചെലവു മുഴുവൻ സർക്കാർ വഹിക്കാൻ തുടങ്ങിയത് അക്കാലം തൊട്ടാണ്. 1836-ൽ സ്വാതി തിരുനാൾ തിരുവനന്തപുരത്ത് 'രാജാസ് ഫ്രീ സ്കൂൾ' ആരംഭിച്ചു. അതേ വർഷംതന്നെ ഒരു സർക്കാർ അച്ചുകൂടവും തിരുവനന്തപുരത്ത് സ്ഥാപിച്ചു.*

അവർക്കിടയിൽ വിദ്യാഭ്യാസം വളർത്താൻ സഹായകമായി. പിന്നാക്കവിഭാഗങ്ങളുടെ ഇടയിൽനിന്ന് വിദ്യാഭ്യാസത്തിനുവേണ്ടി നടന്ന മുന്നേറ്റങ്ങൾ സർക്കാർ നയങ്ങളിൽ മാറ്റം വരുത്താൻ പ്രേരണയായി. അതോടെ പല സർക്കാർ സ്കൂളുകളും എല്ലാ വിഭാഗക്കാർക്കുമായി തുറന്നു കൊടുത്തു. എല്ലാ വിഭാഗങ്ങളിലുംപെട്ട കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം സൗജന്യമായി നൽകാനുള്ള ഉത്തരവാദിത്തം 1904-ൽ സർക്കാർ ഏറ്റെടുത്തു.

## വിദ്യാഭ്യാസം മലബാറിൽ

മലബാറിൽ ആധുനിക വിദ്യാഭ്യാസരംഗത്ത് മിഷനറിമാരുടെ സാന്നിധ്യം പ്രകടമായിരുന്നു. സ്കൂൾ ഇൻസ്പെക്ടറായും പുസ്തകരചയിതാവായും ഡോക്ടർ ഹെർമൻഗുണ്ടർട്ടിനെപ്പോലുള്ളവർ പ്രവർത്തിച്ചു. 1839-ൽ അദ്ദേഹം തലശ്ശേരിയിൽ ഒരു സ്കൂൾ സ്ഥാപിക്കുകയുണ്ടായി. 1848-ൽ കല്ലായിയിൽ (കോഴിക്കോട്) ബാസൽ ഇവാഞ്ജലിക്കൽ മിഷൻ സ്ഥാപിച്ച ഇംഗ്ലീഷ് പ്രൈമറി സ്കൂൾ കാലാന്തരത്തിൽ മലബാർ ക്രിസ്ത്യൻ കോളേജായി മാറി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ നേതൃത്വത്തിൽ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടതോടെയാണ് പ്രാഥമിക വിദ്യാഭ്യാസത്തിൽ പുരോഗതി കൈവന്നത്. എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശനം നൽകിയിരുന്നു. വ്യക്തികളുടെ ഉടമസ്ഥതയിൽ സ്കൂളുകൾ ആരംഭിച്ചതിന് ഉദാഹരണമാണ് കോഴിക്കോട് ഭാഗത്ത് സ്ഥാപിച്ച ഗണപത് സ്കൂളുകൾ. നീലേശ്വരം, ചിറയ്ക്കൽ,

കടത്തനാട് എന്നിവിടങ്ങളിൽ അതാതിടത്തെ രാജാക്കന്മാരും കോഴിക്കോട്ടും കോട്ടയ്ക്കലും സാമുതിരിയും സ്കൂളുകൾ സ്ഥാപിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ തുടർച്ച എന്ന നിലയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി കോളേജുകളും സ്ഥാപിതമായി. തിരുവനന്തപുരത്ത് സ്ഥാപിച്ച രാജാസ് ഫ്രീ സ്കൂൾ ആണ് പിന്നീട് വികസിപ്പിച്ച് മഹാരാജാസ് കോളേജായി ഉയർത്തപ്പെട്ടത് (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്). എറണാകുളത്തെ മഹാരാജാസ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് എന്നിവ തുടർന്നുള്ള വർഷങ്ങളിൽ ഉണ്ടായി. ഇവയെല്ലാം മദിരാശി സർവ്വകലാശാലയുടെ കീഴിലായിരുന്നു. കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയായ തിരുവിതാംകൂർ സർവ്വകലാശാല 1937-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായി. നാട്ടറിവുകളെ താഴ്ത്തികെട്ടി പാശ്ചാത്യവിജ്ഞാനത്തിന്റെ മേന്മ പ്രചരിപ്പിക്കലായിരുന്നു ബ്രിട്ടീഷ് ഭരണകാലത്ത് നടപ്പിലാക്കിയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ആധുനിക വിജ്ഞാനം ഇങ്ങോട്ടെത്തിയത് ഈ പുതിയരീതിയുടെ ഫലമായിട്ടാണ്.



സാമ്രാജ്യത്വ വികസനത്തിന്റെ ഭാഗമായുണ്ടായ പുതിയ തൊഴിൽമേഖലകളും സാമ്പത്തികരംഗത്തുണ്ടായ വളർച്ചയും ആധുനികവിദ്യാഭ്യാസ വ്യാപനത്തിന് പ്രേരകമായി. കേരളത്തിന്റെ വിദ്യാഭ്യാസവളർച്ചയുടെ ചരിത്രം വിശകലനം ചെയ്ത് ഈ പ്രസ്താവന പരിശോധിക്കുക.

### ആരോഗ്യരംഗം

പാശ്ചാത്യചികിത്സാരീതി പ്രചരിക്കുന്നതിനുമുമ്പ് ആയുർവേദം, യൂനാനി, സിദ്ധവൈദ്യം തുടങ്ങിയ നാട്ടുചികിത്സാരീതികളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. പിന്നീട് അലോപ്പതിയുടെ വരവോടെ പാരമ്പര്യചികിത്സാരീതികൾ അവഗണിക്കപ്പെട്ടു. നാട്ടുവൈദ്യം നിരുത്സാഹപ്പെടുത്തുന്ന നിയമങ്ങളുമുണ്ടായി. അവയുടെ പ്രാധാന്യം മനസ്സിലാക്കാനോ പോഷിപ്പിക്കാനോ വേണ്ടത്ര താല്പര്യം ബ്രിട്ടീഷ് സർക്കാർ സ്വീകരിച്ചില്ല.

ഈസ്റ്റിന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥർ, സൈനികർ എന്നിവരുടെ ചികിത്സയ്ക്കായാണ് പാശ്ചാത്യ ചികിത്സാരീതി ഇന്ത്യയിലെത്തിയത്. കേരളത്തിൽ ഈ ചികിത്സാരീതിക്ക് ഏറെ പ്രാധാന്യം കിട്ടാനിടയാക്കിയത് സാംക്രമികരോഗങ്ങളുടെ വ്യാപനമാണ്. അനേകായിരങ്ങളുടെ ജീവൻ കവർന്ന വസൂരി, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് ഏറെ ഫലപ്രദമായിരുന്നു "ഇംഗ്ലീഷ് വൈദ്യം". ഇതിന് ഏറെ പ്രാധാന്യം നൽകി. വസൂരിക്കെതിരെയുള്ള കുത്തിവെയ്പ്പ് ജനങ്ങളിൽ ഭീതിപടർത്തിയ കാലമുണ്ടായിരുന്നു. അന്ന് വസൂരിക്കെതിരെയുള്ള കുത്തിവെയ്പ്പ് സ്വീകരിച്ചുകൊണ്ട് ജനങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ തിരുവിതാംകൂർ രാജ കുടുംബം മുന്നിട്ടിറങ്ങി. ബ്രിട്ടീഷുകാരുടെ ചൊൽപ്പടിക്കുകീഴിലായിരുന്നെങ്കിലും തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാർ രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് സൗകര്യം നൽകിക്കൊണ്ട് ബ്രിട്ടീഷ് ഭരണം നിലനിന്ന മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായ നിലപാട് സ്വീകരിക്കുകയുണ്ടായി. ആതുരാലയങ്ങൾ സ്ഥാപിച്ചും ചികിത്സാ

#### ആര്യവൈദ്യസമാജം

*കൊല്ലം 1078 കന്നിയിൽ [കോട്ടയ്ക്കൽ] ആര്യവൈദ്യശാല സ്ഥാപിച്ചതിന്നുശേഷം ബ്രഹ്മശ്രീ വെള്ളാനശ്ശേരി വാസുദേവൻ മൂസ്സ് അവർകൾ ആരോഗ്യചിന്താമണി എന്നു പേരായ ഒരു വൈദ്യശാല സ്ഥാപിക്കുവാനും അന്ന് വൈദ്യന്മാരെ ക്ഷണിച്ചു ഒരു സഭകൂടുവാനും തീർച്ചപ്പെടുത്തി. ഇങ്ങിനെ ഒരു വൈദ്യസഭ സ്ഥിരമായി കൊല്ലംതോറും കൂടേണമെന്ന് ആലോചിക്കുകയും 'ആര്യവൈദ്യസമാജം' എന്ന പേരിൽ അങ്ങനെ നടത്തിക്കൊണ്ടുപോകുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ഒന്നാമത്തെ യോഗം 1078 മകരം 12, 13 തീയതികളിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ കൂടി. അന്ന് മേലിൽ നടക്കേണ്ടുന്ന സമ്പ്രദായത്തെപ്പറ്റി ആലോചിച്ചു തീർച്ചപ്പെടുത്തുകയും കൊല്ലംതൊറും ഓരോ വൈദ്യപരീക്ഷ നടത്തിക്കൊണ്ടുപോകാൻ ഏർപ്പാട് ചെയ്യുകയും ചെയ്തു. 1079-ൽ രണ്ടാമത്തെ യോഗം ചേർന്നത് കോഴിക്കോട് വിദ്വാൻ ഏട്ടൻ തമ്പുരാന്റെ ശ്രമത്തിലും അദ്ദേഹത്തിന്റെ സ്ഥലത്തും വെച്ചായിരുന്നു. കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ സ്ഥലങ്ങളിൽ നിന്ന് പല വൈദ്യന്മാരും ഹാജരുണ്ടായിരുന്നു.*

(ഇ.പി. കൃഷ്ണവാര്യർ ഷഷ്ഠി വാർഷിക ചരിത്രം-കോട്ടയ്ക്കൽ, 1929-പുറം 81)

സൗകര്യങ്ങൾ വ്യാപിപ്പിച്ചും ജനോപകാരപ്രദമായ പ്രവർത്തനം നടത്തി. ശാസ്ത്രീയമായ പൊതുജനാരോഗ്യനയം രൂപീകരിക്കുക, കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണം നടത്തുക, വിദ്യാഭ്യാസസൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികളിലൂടെ തിരുവിതാംകൂർ ഈ രംഗത്ത് വളരെ മുന്നേറി. മെച്ചപ്പെട്ട പൊതുജനാരോഗ്യമേഖല രൂപപ്പെടാൻ ഇതു കാരണമായി.

തിരുവിതാംകൂറിലെ ആദ്യത്തെ ആധുനികചികിത്സാലയമായിരുന്നു തിരുവനന്തപുരം ജനറൽ ആസ്പത്രി. ഇത് സിവിൽ ആശുപത്രിയായി ഉയർത്തപ്പെട്ടു. ഏറെക്കുറെ എല്ലാ ആധുനിക സംവിധാനങ്ങളും അവിടെ ഒരുക്കിയിരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരാശുപത്രി തിരുവനന്തപുരത്തു സ്ഥാപിക്കപ്പെട്ടു. 1888-ൽ വസൂരി വാക്സിൻ നിർമ്മാണശാല തിരുവിതാംകൂറിൽ ആരംഭിച്ചത് അക്കാലത്തെ ചികിത്സാരംഗത്തെ മുന്നേറ്റമായിരുന്നു. ടൈഫോയിഡ്, പേവിഷബാധ എന്നിവയ്ക്കെതിരെയുള്ള വാക്സിനുകളും തിരുവിതാംകൂറിൽ ലഭ്യമാക്കി. തിരുവിതാംകൂറിനു പുറത്തുപോയി മെഡിക്കൽ വിദ്യാഭ്യാസം നേടുന്നതിന് പ്രോത്സാഹനമായി സ്ത്രീകൾക്ക് സ്കോളർഷിപ്പുകൾ നൽകിയത് ആരോഗ്യമേഖലയുടെ ഉണർവിന് കാരണമായി. ആരോഗ്യം, രോഗം എന്നിവയോടുള്ള ജനങ്ങളുടെ കാഴ്ചപ്പാടിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ നടത്തിയ പ്രവർത്തനങ്ങളാണ് തിരുവിതാംകൂറിലെ ആരോഗ്യമേഖലയിൽ കുതിച്ചുചാട്ടം ഉണ്ടാക്കിയത്. പിൽക്കാലത്ത് ആരോഗ്യമേഖലയിൽ തിരുവിതാംകൂർ മോഡൽ എന്ന വിശേഷണം പോലും പ്രചരിച്ചു.

എന്നാൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരിച്ചിരുന്ന മലബാർ പ്രദേശത്ത് ആരോഗ്യരംഗം പാടെ അവഗണിക്കപ്പെട്ട അവസ്ഥയിലായിരുന്നു.



ബ്രിട്ടീഷ് ഭരണകാലത്ത് മലബാറിൽ നിന്ന് വ്യത്യസ്തമായി തിരുവിതാംകൂർ രാജ്യത്ത് ആരോഗ്യമേഖല ഉയർന്ന നിലവാരം പുലർത്തി എന്നു പറയുന്നു. എന്തായിരിക്കാം ഇതിന് ഇടയാക്കിയത്. ചർച്ച ചെയ്യു.

## സാമൂഹ്യപരിവർത്തനം

ജാതിവ്യവസ്ഥിതിയിൽ അധിഷ്ഠിതമായ സമൂഹമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എല്ലാ ജാതികൾക്കുള്ളിലും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അതേപോലെതന്നെ അവർണജാതിയിൽപ്പെട്ടവർക്ക് വഴിനടക്കാനും ആരാധിക്കാനും സർക്കാരുദ്യോഗം വഹിക്കുന്നതിനും വിലക്കുകളുണ്ടായിരുന്നു. ഇത്തരം അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി ഉയർന്നുവന്നതാണ് സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ. അവശതകൾക്കെതിരെ സൈദ്ധാന്തികമായും പ്രായോഗികമായും പോരാടിയവരായിരുന്നു നവോത്ഥാന നായകന്മാർ. തിരുവിതാംകൂർ പ്രദേശത്തെ ചാന്നാർ ജനവിഭാഗത്തിന്റെ അവശതകൾക്ക് അറുതി വരുത്താൻ നേതൃത്വം നൽകിയ വൈകുണ്ഠസ്വാമിയുടെ പ്രവർത്തനം ഇതിൽ എടുത്തുപറയേണ്ടതാണ്. മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഫലമായി തങ്ങളുടെ സാമൂഹ്യാവസ്ഥ തിരിച്ചറിഞ്ഞ ചാന്നാർ വിഭാഗത്തെ പൊരുതാൻ കെൽപ്പുള്ള മനസ്സിനുടമകളാക്കിയത് അദ്ദേഹമാണ്. മാറുമറയ്ക്കുന്നതിനുള്ള അവകാശത്തിനായി സമരം നടത്തി ചാന്നാർ സ്ത്രീകൾ ചരിത്രം കുറിച്ചു. 1822 മുതൽ ഇതിനായി നടത്തിയ ചാന്നാർ കലാപം 1859-ൽ വിജയത്തിൽ കലാശിച്ചു. ചാന്നാർ സ്ത്രീകൾക്ക് മാറിൽ മേൽമുണ്ട് ധരിക്കാമെന്ന് മഹാരാജാവിന് ഉത്തരവിറക്കേണ്ടിവന്നത് നീണ്ടകാലത്തെ ചെറുത്തുനിൽപ്പിനെത്തുടർന്നാണ്.

അബ്രാഹ്മണജാതികളുടെ ഉയർത്തെഴുന്നേൽപ്പിന് ആശയത്തിന്റെ പടച്ചട്ട നൽകുന്നതിനു ശ്രമിച്ചവരിൽ പ്രമുഖനാണ് ചട്ടമ്പിസ്വാമികൾ. വേദപഠനത്തിനും ഈശ്വരാരാധനയ്ക്കും അബ്രാഹ്മണവിഭാഗങ്ങൾക്കൊക്കെയും അവകാശമുണ്ടെന്ന് തന്റെ കൃതികളിലൂടെ അദ്ദേഹം പ്രചരിപ്പിച്ചു.

ചട്ടമ്പിസ്വാമികളുടെ നിലപാടുകൾക്ക് പ്രായോഗികരൂപം നൽകിയത് ശ്രീനാരായണഗുരുവാണ്. വൈകുണ്ഠസ്വാമികളുടെ ആശയങ്ങളും ഗുരുവിനെ ഏറെ സ്വാധീനിച്ചിരുന്നു. കേരളീയനവോത്ഥാനത്തിന്റെ മുഖ്യശിൽപ്പികളിലൊരാളാണ് ശ്രീനാരായണഗുരു. സങ്കീർണമായ ജാതിവ്യവസ്ഥയുടെയും അന്ധവിശ്വാസത്തിലധിഷ്ഠിതമായ ആരാധനാക്രമങ്ങളുടെയും തടവറയിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കാനായിരുന്നു അദ്ദേഹം ശ്രമിച്ചത്. സംഘടിച്ച് ശക്തരാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും ഗുരു ഉപദേശിച്ചു. ഇരുപതാം നൂറ്റാണ്ടിൽ കേരളം കൈവരിച്ച സാമൂഹ്യ-സാംസ്കാരിക-സാഹിത്യ-രാഷ്ട്രീയ മേഖലകളിലൊക്കെയും ഉണ്ടായ നേട്ട

ങ്ങളുടെ വേരുകൾ ചെന്നെത്തുക ശ്രീനാരായണ ഗുരുവിലാണ്. അയ്യങ്കാളി, വക്കം അബ്ദുൽഖാദർ മൗലവി, കുമാരഗുരുദേവൻ തുടങ്ങി ഒട്ടേറെ നവോത്ഥാനനായകരുടെ ആശയങ്ങളും പ്രവർത്തനങ്ങളും ആധുനിക കേരള സമൂഹത്തിന്റെ പിറവിക്ക് കാരണമായി.

ഓരോ ജനവിഭാഗങ്ങളിലും വളർന്നുവന്ന ചെറുത്തുനില്പുപ്രസ്ഥാനങ്ങൾ ഒരു തരത്തിൽ സാമ്രാജ്യത്വത്തിനെതിരായ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗം തന്നെയായിരുന്നു. ജാതിയുടെ ചങ്ങലക്കെട്ടുകൾ തകർക്കുന്നതിലൂടെ മനുഷ്യന്റെ സ്വാതന്ത്ര്യപ്രഖ്യാപനമാണ് നവോത്ഥാന നായകർ നടത്തിയത്. ഇത്തരം സമരങ്ങളിലൂടെ ഉണ്ടായ തിരിച്ചറിവുകളാണ് കേരളത്തിൽ ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ നയിച്ചത്. സമുദായത്തിലെ അനാചാരങ്ങൾക്കും അനീതികൾക്കും എതിരായ ചെറുത്തുനില്പുകളെ സാമ്രാജ്യത്വഭരണത്തിനെതിരായി നടന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുകയുണ്ടായി. ഇല്ലെങ്കിൽ ബ്രിട്ടീഷ് അധികാരികൾക്ക് വളരെ എളുപ്പം ഇവിടത്തെ ചെറുത്തുനിൽപ്പുകളെ ഒതുക്കിതീർക്കാമായിരുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നായിരുന്നു സാമൂഹിക അസമത്വം പരിഹരിക്കുക എന്നത്. 1923-ലെ കാക്കിനാഡ കോൺഗ്രസ് സമ്മേളനം ഇങ്ങനെ ഒരു തീരുമാനം എടുത്തിരുന്നു. അയിത്താചരണം ശക്തമായിരുന്ന നമ്മുടെ നാട്ടിൽ അതിനെതിരെ സംഘടിതമായ നീക്കം ഉണ്ടാകേണ്ടതിന്റെയും മനുഷ്യരുടെ ഐക്യം ഉറപ്പുവരുത്തേണ്ടതിന്റെയും പ്രാധാന്യം നവോത്ഥാന നായകർ ബോധ്യപ്പെടുത്തി. സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗം തന്നെയാണ് അനാചാരങ്ങൾക്കെതിരെയുള്ള പ്രവർത്തനവും എന്ന തിരിച്ചറിവ് വ്യാപകമായി. ഇതിന്റെ ഭാഗമായിരുന്നു വൈക്കം സത്യഗ്രഹവും ഗുരുവായൂർ സത്യഗ്രഹവും.

## വഴിനടക്കാനും വിലക്ക്

തിരുവിതാംകൂറിലെ വൈക്കം മഹാദേവക്ഷേത്രത്തിനുചുറ്റുമുള്ള നിരത്തിലൂടെ സഞ്ചരിക്കാൻ സവർണർക്കുമാത്രമേ അനുമതിയുണ്ടായിരുന്നുള്ളൂ. എല്ലാവർക്കുമായി വഴി തുറന്നുകിട്ടണമെന്ന ആവശ്യം ശക്തമായി. 1924 മാർച്ചിൽ ഇതിനായി ക്ഷേത്രപരിസരത്ത് സത്യഗ്രഹസമരമാരംഭിച്ചു. ടി.കെ. മാധവൻ, കെ.പി. കേശവമേനോൻ, ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, എ.കെ. പിള്ള, സി.വി.കുഞ്ഞുരാമൻ തുടങ്ങി സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലും പരിഷ്കരണപ്രവർത്തനങ്ങളിലും നേതൃത്വം വഹിച്ചവരായിരുന്നു ഇതിന്റെ മുൻനിരയിൽ. സമരത്തിന് വളരെയേറെ പ്രചാരവും പിന്തുണയും ലഭിച്ചു. പഞ്ചാബിൽനിന്ന് അകാലിദൾ പ്രതിനിധികളും തമിഴ്നാട്ടിൽനിന്ന് ഇ.വി. രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ ഒട്ടേറെപ്പേരും അതുപോലെ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും വിവിധ ജനവിഭാഗങ്ങളും വൈക്കത്തേയ്ക്ക് പ്രവഹിച്ചു.


വൈക്കം സത്യാഗ്രഹികൾക്ക് നൽകിയ സ്വീകരണം

മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും സമരത്തെ പിന്തുണച്ചു. സവർണഹിന്ദുക്കളുടെ സമ്മതപത്രവുമായി മന്നത്തുപദ്മനാഭന്റെ നേതൃത്വത്തിൽ കാൽനടജാഥ വൈക്കത്തുനിന്ന് തിരുവനന്തപുരത്തു ചെന്നു. തിരുവിതാംകൂർ ഭരണാധികാരിക്ക് സമ്മതപത്രം സമർപ്പിച്ചു. മഹാത്മാഗാന്ധിയും തിരുവിതാംകൂർ ഗവൺമെന്റുമായി നടന്ന ഒത്തുതീർപ്പിനെത്തുടർന്ന് പ്രശ്നപരിഹാരമുണ്ടായി. ക്ഷേത്രത്തിലേക്കുള്ള ചെറിയൊരു പ്രവേശനഭാഗമൊഴികെ മറ്റെല്ലാ നിരത്തുകളും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ രാജാവ് ഉത്തരവ് പുറപ്പെടുവിച്ചു. ഒരു വർഷത്തോളം നീണ്ടുനിന്ന സത്യഗ്രഹസമരത്തിന് അതോടെ വിരാമമായി.

## ആരാധനാസ്വാതന്ത്ര്യം

വഴിനടക്കാനുള്ള സ്വാതന്ത്ര്യത്തിനായി നടന്ന സമരം സാമൂഹ്യരംഗത്ത് ഒട്ടേറെ ചലനങ്ങളുണ്ടാക്കി. ഹിന്ദുക്കളിൽ കീഴ്ജാതിക്കാരായി മാറ്റിനിർത്തപ്പെട്ട ജനവിഭാഗത്തിന് ക്ഷേത്രങ്ങളിൽ പ്രവേശിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശിക്കാൻ അനുവാദം കിട്ടണമെന്ന ആവശ്യമുയർത്തിയാണ് ഗുരുവായൂർ സത്യഗ്രഹം ആരംഭിച്ചത്. 1931

ആഗസ്റ്റിൽ ചേർന്ന കേരള സംസ്ഥാന കോൺഗ്രസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചായിരുന്നു അതേ വർഷം നവംബർ 1-ന് സത്യഗ്രഹം ആരംഭിച്ചത്. ഈ സമരത്തിനും ദേശവ്യാപകമായ പിന്തുണ കിട്ടി. സമരക്കാർ ഉന്നയിച്ച ആവശ്യം നിറവേറ്റിക്കൊടുക്കാനാവശ്യപ്പെട്ട് നാനാഭാഗങ്ങളിൽ നിന്ന് പ്രമേയങ്ങൾ ക്ഷേത്രട്രസ്റ്റിയായ സാമൂതിരിപ്പാടിന് അയച്ചുകൊടുത്തു. ജാഥകളും പൊതുയോഗങ്ങളും നടന്നു. കെ. കേളപ്പൻ, ടി. സുബ്രഹ്മണ്യൻ തിരുമുമ്പ്, എ. കെ. ഗോപാലൻ, പി. കൃഷ്ണപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു സത്യഗ്രഹം. വളണ്ടിയർ ക്യാപ്റ്റനായിരുന്ന എ.കെ. ഗോപാലനെ യാഥാസ്ഥിതികർ ഭീകരമായി മർദ്ദിച്ചു. ഇതോടെ ക്ഷേത്രപരിസരം സംഘർഷഭരിതമായി. സമരാവശ്യങ്ങളോട് നിഷേധാത്മകമായ സമീപനം തുടർന്ന ക്ഷേത്രഭാരവാഹികൾ ക്ഷേത്രം അടച്ചിട്ടു.

വിവിധ ഘട്ടങ്ങളിൽ നെടുനാൾ നീണ്ട സത്യഗ്രഹ സമരം മഹാത്മജി ആവശ്യപ്പെട്ടതിനെത്തുടർന്ന് നിർത്തിവയ്ക്കുകയാണുണ്ടായത്. ക്ഷേത്രപ്രവേശന വിളംബരത്തിന് ഏറെ താമസിച്ചാണെങ്കിലും അവസരമൊരുക്കാൻ സത്യഗ്രഹസമരം സഹായകമായി. ക്ഷേത്രം നിലനിന്നിരുന്ന അന്നത്തെ പൊന്നാനി താലൂക്കിൽ ജാതിഹിന്ദുക്കളിൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ എഴുപത്തിയേഴു ശതമാനം പേർ ക്ഷേത്രപ്രവേശനത്തെ അനുകൂലിച്ചു. സാമൂഹ്യമാറ്റങ്ങൾക്കുമുമ്പിൽ മുഖം തിരിക്കുന്നവർക്കെതിരെയുള്ള താക്കീതായിരുന്നു ഇത്തരം സത്യഗ്രഹങ്ങൾക്കനുകൂലമായി ഉയർന്ന ജനവികാരം. ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന പ്രക്ഷോഭങ്ങളുടെ സ്വാധീനത്തിന്റെ ഫലമായിട്ടാണ് 1936-ൽ തിരുവിതാംകൂർ സർക്കാർ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത്.



ഗുരുവായൂർ ക്ഷേത്രം



നവോത്ഥാന നായകരുടെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന സാമുദായിക നവീകരണ പ്രവർത്തനങ്ങളും ജാതി വിവേചനങ്ങൾക്കെതിരായ സമരങ്ങളും സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് അടിത്തറപാകി - ചർച്ച ചെയ്യുക.

### ദേശീയപ്രസ്ഥാനം കേരളത്തിൽ

മഹാത്മാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വസ്ഥാനത്ത് വന്നതോടെ രാജ്യത്താകമാനം ദേശീയപ്രസ്ഥാനത്തിന് ഉണർവും ഉന്മേഷവും കൈവന്നു. അക്രമരഹിതനിസ്സഹകരണ മാർഗ്ഗത്തിലൂടെ സകലജനവിഭാഗങ്ങളെയും ബ്രിട്ടീഷുകാർക്കെതിരെ അണിനിരത്താൻ മഹാത്മാഗാന്ധിക്ക് സാധിച്ചു. ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഒരേ കൊടിക്കീഴിൽ അണിനിരത്താൻ ഖിലാഫത്ത് പ്രസ്ഥാനംവഴി അദ്ദേഹം ശ്രമിച്ചു. കേരളത്തിൽ മലബാറിൽ മാത്രമായിരുന്നു ആദ്യഘട്ടത്തിൽ കോൺഗ്രസ് പ്രവർത്തനം സജീവമായിരുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനത്തിൽവച്ച് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാനും നാട്ടുരാജ്യങ്ങളെക്കൂടി സംസ്ഥാനപരിധിയിലുൾപ്പെടുത്താനും എടുത്ത തീരുമാനം മുഴുവൻ പ്രദേശങ്ങളെയും ഏകോപിപ്പിക്കുന്നതിന് സഹായകമായി.

1921 ഏപ്രിലിൽ ഒറ്റപ്പാലത്ത് അഖില കേരള കോൺഗ്രസ് സമ്മേളനം ചേർന്നു. മലബാർ-കൊച്ചി-തിരുവിതാംകൂർ പ്രദേശക്കാർ കേരളീയരെന്ന നിലയ്ക്ക് ഒന്നിച്ചുകൂടിയത് സമ്മേളനത്തിന്റെ പ്രത്യേകതയാണ്. കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനത്തിന്റെ തീരുമാനങ്ങളെ കേരളത്തിലെ പ്രവർത്തകർ സ്വാഗതം ചെയ്തു. ബ്രിട്ടീഷ് ഗവൺമെന്റ് നടത്തുന്ന വിദ്യാലയങ്ങളിലോ ഗവൺമെന്റ് ഗ്രാന്റ് സ്വീകരിക്കുന്ന വിദ്യാലയങ്ങളിലോ കുട്ടികളെ ചേർക്കരുതെന്ന് രക്ഷിതാക്കളോട് അഭ്യർത്ഥിക്കുന്നതായിരുന്നു നാഗ്പൂർ സമ്മേളനത്തിലെ ഒരു തീരുമാനം.

- വക്കീലന്മാർ പ്രാക്ടീസ് നിർത്തുക.
- വിദേശവസ്ത്രം ഉപേക്ഷിക്കുക.
- സ്വദേശി വസ്തുക്കൾ മാത്രം ഉപയോഗിക്കുക.
- മദ്യവർജ്ജനത്തിനും അയിത്തോച്ചാടനത്തിനും പ്രാധാന്യം നൽകുക.

തുടങ്ങിയവയായിരുന്നു മറ്റു തീരുമാനങ്ങൾ.

1928 ഫെബ്രുവരിയിൽ സൈമൺ കമ്മീഷനിലെ അംഗങ്ങൾ ബോംബെയിൽ കപ്പലിറങ്ങിയപ്പോൾ കമ്മീഷൻ ബഹിഷ്കരിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് തീരുമാനിച്ചിരുന്നു. കേരളത്തിന്റെ മുക്കിലും മൂലയിലും പ്രതിഷേധയോഗങ്ങളും ഹർത്താലുകളും നടത്തിക്കൊണ്ട് ജനങ്ങൾ സൈമൺ കമ്മീഷൻ വിരുദ്ധപ്രചാരണം നടത്തി.

1928 മേയ് മാസം പയ്യന്നൂരിൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ നടന്ന നാലാം കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനം ജനങ്ങളെ ഏറെ ആവേശഭരിതരാക്കി.

1929-ലെ ലോകസാമ്പത്തികമാന്ദ്യം നമ്മുടെ നാടിനെയും ബാധിച്ചിരുന്നു. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞു. എന്നാൽ പാട്ടവും നികുതിയുമായി കൃഷിക്കാരിൽ നിന്നും മറ്റും നികുതിയീടാക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ബ്രിട്ടീഷുകാർ വരുത്തിയതുമില്ല. കൃഷിക്കാരും ചെറുകിടജന്മിമാരും സാമ്പത്തികപ്രയാസത്താൽ വലഞ്ഞു. പട്ടിണിയും തൊഴിലില്ലായ്മയും നാടിനെ വല്ലാതെ ഭീതിയിലാഴ്ത്തി. നാട്ടിൽ അസംതൃപ്തി പടർന്നു.

### നിയമലംഘനം

ബ്രിട്ടീഷ് വിരുദ്ധവികാരം വളർത്തി ജനതയെ ഒരുമിച്ചുനിർത്തി അതിസാഹസികമായ സാമ്രാജ്യത്വവിരുദ്ധപ്രവർത്തനങ്ങളിലേർപ്പെട്ടവരായിരുന്നു ദേശീയനേതാക്കൾ. 1930-ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുസത്യഗ്രഹം ഇന്ത്യൻ മനസ്സുകളെ ഒരു ചരടിൽ കോർത്തുകെട്ടി. കേരളത്തിലും അതിശക്തമായ പ്രചാരണപരിപാടികൾ ഉപ്പുസത്യഗ്രഹത്തിന്റെ ഭാഗമായി നടന്നു. കെ.കേളപ്പന്റെ നേതൃത്വത്തിൽ വളണ്ടിയർ സംഘം 1930 ഏപ്രിൽ മാസം ഉപ്പുനിയമം ലംഘിക്കാൻ കോഴിക്കോട്ടുനിന്ന് പയ്യന്നൂരിലേക്ക് കാൽനടയായി പുറപ്പെട്ടു. ടി.ആർ. കൃഷ്ണസ്വാമിഅയ്യരുടെ നേതൃത്വത്തിൽ മറ്റൊരു സംഘവും പുറപ്പെട്ടു. വഴിനീളെ


അബ്ദുറഹ്മാൻ സാഹിബ്

സ്വീകരണങ്ങൾ ഏറ്റുവാങ്ങി ജാഥകൾ നീങ്ങി. മേയ് 5-ന് മഹാത്മജി അറസ്റ്റ് ചെയ്യപ്പെട്ടതോടെ സമരത്തിന്റെ രീതിയിൽ മാറ്റം വന്നു. മേയ് 12-ന് കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമം ലംഘിക്കാനെത്തിയ സത്യഗ്രഹികളെ പോലീസ് മൃഗീയമായി മർദ്ദിച്ചൊതുക്കി. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്,


പി. കൃഷ്ണപിള്ള

പി. കൃഷ്ണപിള്ള, ആർ.വി. ശർമ്മ, ടി.ആർ. കൃഷ്ണസ്വാമിഅയ്യർ, കെ.മാധവൻനായർ തുടങ്ങിയവർ കഠിനതടവിന് ശിക്ഷിക്കപ്പെട്ടു.

മലബാറിലെങ്ങും നിയമലംഘനം തുടർന്നു. ഉപ്പുകുറുക്കൽ, ഘോഷയാത്ര, പൊതുയോഗങ്ങൾ, പിക്കറ്റിംഗ് എന്നിവയിലൂടെ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ശക്തമായി.

പ്രാദേശികമായി രൂപപ്പെടുന്ന പ്രശ്നങ്ങളും ദേശീയ സ്വാതന്ത്ര്യസമരവും തമ്മിൽ ബന്ധപ്പെടുത്താൻ 1930 കളോടെ ശ്രമം തുടങ്ങിയിരുന്നു. ഗ്രാമങ്ങൾ തോറും കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ മലബാറിൽ മിക്കസ്ഥലങ്ങളിലും കർഷകസംഘങ്ങൾ രൂപപ്പെട്ടിരുന്നു. തൊഴിൽ മേഖലകളിലൊക്കെയും തൊഴിലാളികൾ സംഘടിക്കപ്പെട്ടു. അവകാശബോധവും


പയ്യന്നൂർ ഉപ്പുസത്യാഗ്രഹ സ്മാരകം

സ്വാതന്ത്ര്യബോധവും ഒരുപോലെ വളർന്നുവരാൻ ഇതുകാരണമായി.

1928 ജൂലൈയിൽ നടന്ന റെയിൽവേ പണിമുടക്കിനു കേരളത്തിലും നല്ല പ്രതികരണമുണ്ടായി.

*'ഈ പ്രവൃത്തി മുടക്കങ്ങൾ തൊഴിലാളികളുടെ ഇടയിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള ഉണർവു കളുടെയും ആത്മബോധത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത പ്രതിഫലനമാണ്'*

*(1928 ജൂലൈ 31-ലെ മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗത്തിൽ നിന്ന്)*

ഇത്തരം സമരങ്ങൾ ചെറുകിടവ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ആവേശം പകർന്നു. 1930-32-ലെ നിയമലംഘന പ്രസ്ഥാനം തൊഴിലാളികൾക്കിടയിൽ ഉണർവുണ്ടാക്കി. കൂലി വെട്ടിക്കുറച്ചതിനെത്തുടർന്ന് കോഴിക്കോട് കോമൺ വെൽത്ത് നെയ്ത്ത് കമ്പനി തൊഴിലാളികൾ 1931 മാർച്ച് 5-ന് പണിമുടക്കാരംഭിച്ചു. 1935 ഫെബ്രുവരിയിൽ കോഴിക്കോട് ഫറോക്കിലെ ടൈൽ ഫാക്ടറി തൊഴിലാളികൾ സമരം ചെയ്തു. 1935 നവംബർ 11-ന് കോഴിക്കോട് കോട്ടൺമിൽ തൊഴിലാളികൾ പണിമുടക്ക് നടത്തി.

അവകാശസമരങ്ങൾ ശക്തിയാർജ്ജിച്ചു. സംഘടിതസമരങ്ങൾ വ്യാപകമായി. ബ്രിട്ടീഷ് വിരുദ്ധ വികാരം ആളിപ്പടർന്നു. 1942 ആഗസ്റ്റ് 9. ഇന്ത്യവിടുക എന്ന മുദ്രാവാക്യമുയർത്തി നാടെങ്ങും പ്രതിഷേധപരിപാടികൾ. മുമ്പെങ്ങുമില്ലാത്തവിധം തെരുവോരങ്ങളിൽ ജാഥകൾ, പൊതുയോഗങ്ങൾ. നിരോധിച്ച ലഘുലേഖകളുടെ വിതരണം, കോടതികളെയും വിദ്യാലയങ്ങളെയും ബഹിഷ്കരിക്കൽ. മലബാറിൽ ചിലയിടങ്ങളിൽ പ്രതിഷേധം അക്രമാസക്തമായി. ചേമഞ്ചേരി രജിസ്റ്റർ കച്ചേരിയും റെയിൽവേ സ്റ്റേഷനും തീയിട്ടു. ബോംബുണ്ടാക്കിയെന്ന കുറ്റം ചുമത്തി കീഴരിയൂർ ബോംബ് കേസുമായി ബന്ധപ്പെടുത്തി ഒട്ടേറെപേർ ശിക്ഷിക്കപ്പെട്ടു.

1941-ൽ കയ്യൂരിലും 1946-ൽ കരിവള്ളൂരിലും നടന്ന കർഷകകലാപങ്ങൾ ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനും എതിരെ നടന്ന ജനകീയ സമരരൂപങ്ങളായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ സാമ്രാജ്യത്വത്തിനെതിരെ ശക്തമായ ജനാധിപത്യവൽക്കരണപ്രക്രിയ വളരുന്നതിന്റെ സൂചനയായിരുന്നു 1946-ൽ ആലപ്പുഴയിലെ പുന്നപ്ര-വയലാറിൽ നടന്ന സമരം.



തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ നടന്ന പണിമുടക്കുസമരങ്ങൾ ദേശീയ പ്രസ്ഥാനത്തിന്റെ സാമ്രാജ്യത്വവിരുദ്ധ സമരവുമായി എങ്ങനെ ബന്ധപ്പെടുന്നു? പരിശോധിക്കുക.

**ഐക്യകേരളം**

ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെയാണ് ഐക്യകേരളമെന്ന സങ്കല്പത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തുന്നത്. ഒരേഭാഷ സംസാരിക്കുന്നവർ ഭരണകൂടങ്ങൾക്ക് കീഴിൽ ശിഥിലീകരിക്കപ്പെട്ട് കഴിഞ്ഞതിന്റെ അനുഭവമാണ് കേരളീയർക്കുണ്ടായിരുന്നത്. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ വേറിട്ടുനിന്നത് മലയാളിയുടെ ഐക്യബോധത്തിന് വിഘാതമായിരുന്നു.

മലയാളികൾക്കൊരു കൂട്ടായ്മ എന്ന ചിന്ത എപ്പോഴാണാവിർഭവിച്ചത്? ഐക്യകേരളത്തിനായുള്ള മുറവിളി തുടങ്ങുന്നതിന് എത്രയോ മുമ്പ് കേരളമെന്ന ആശയം രൂപപ്പെട്ടിരുന്നു. കേരളോൽപ്പത്തി പോലുള്ള ഗ്രന്ഥങ്ങളിലും ഈ വിധം ഒരു ആശയം കാണാം. ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ രാജ്യത്തിന്റെ വിവിധ കോണുകളിൽനിന്നുയർന്നപ്പോൾ മലയാളികൾ വസിക്കുന്ന ദേശത്തും ഐക്യത്തിന്റെ ആവശ്യകത എല്ലാവർക്കും

ബോധ്യപ്പെട്ടു. 1920-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നാഗ്പൂർ സമ്മേളന തീരുമാനപ്രകാരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ കോൺഗ്രസിന് കമ്മിറ്റികൾ രൂപീകരിക്കാൻ തുടങ്ങിയതോടെ ഈ ആശയത്തിന് പ്രായോഗിക രൂപം കൈവരുകയുണ്ടായി. 1921-ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു. അതേവർഷം ഒറ്റപ്പാലത്തു നടന്ന കോൺഗ്രസ് സമ്മേളനത്തിൽ മൂന്ന് പ്രദേശത്തുനിന്നുമുള്ള പ്രവർത്തകർ പങ്കെടുത്തു.

വിവിധ സംഘടനകളുടെ യോഗസന്ദർഭങ്ങളിൽ ഐക്യകേരള പ്രമേയങ്ങൾ പാസ്സാക്കി. സ്വതന്ത്രഭാരതത്തിന്റെ ഭരണഘടനയ്ക്ക് രൂപം നൽകുമ്പോൾ കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനഃസംഘടിപ്പിക്കണമെന്ന് 1928-ൽ പയ്യന്നൂരിൽ നടന്ന കോൺഗ്രസ് സമ്മേളനം ആവശ്യപ്പെട്ടു.

പ്രമേയങ്ങൾക്കപ്പുറത്ത് ഐക്യകേരളപ്രസ്ഥാനം എന്ന ആവശ്യം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രൂപപ്പെട്ടു. 1924-ലെ വൈക്കം സത്യഗ്രഹത്തിലും 1931-32 കാലത്ത് ഗുരുവായൂർ സത്യഗ്രഹത്തിലും കേരളത്തിന്റെ എല്ലാഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾ പങ്കാളികളായിരുന്നുവല്ലോ. 1945-ൽ ഐക്യകേരള രൂപീകരണകാര്യം ചർച്ച ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1947-ൽ തൃശ്ശൂരിൽ വച്ച് ഐക്യകേരള കൺവെൻഷൻ നടന്നു. അദ്ധ്യക്ഷൻ കെ. കേളപ്പൻ. ഉദ്ഘാടകൻ അന്നത്തെ കൊച്ചി രാജാവ്. ഭരണഘടനാ നിർമ്മാണസഭ നിയമിച്ച ധാർ കമ്മീഷൻ കേരളത്തിലെത്തി തെളിവെടുപ്പുനടത്തി. 1949 ജൂലൈ 1-ന് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കപ്പെട്ടതോടെ ഐക്യകേരള പ്രസ്ഥാനത്തിന് ശക്തിയാർജ്ജിച്ചു. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ 'ഒന്നേക്കാൽകോടി മലയാളികൾ' എന്ന ഗ്രന്ഥം ഐക്യകേരളത്തിന്റെ സാധുത ബോധ്യപ്പെടുത്തി. ആന്ധ്രയിൽ പോട്ടി ശ്രീരാമലുവിന്റെ ആത്മത്യാഗം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണത്തിന് വേഗത കൂട്ടാനിടയാക്കി. മലയാളം സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്ത് 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ തിരുവനന്തപുരം ജില്ലയിലെ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ നാല് താലൂക്കുകൾ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി. തെക്കൻ കർണാടക ജില്ലയുടെ ഭാഗമായിരുന്ന കാസറഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു. അങ്ങനെ മലബാറും കൊച്ചിയും തിരുവിതാംകൂറും ഉൾപ്പെട്ട കേരള സംസ്ഥാനം നിലവിൽവന്നു.



ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കപ്പെടുന്നതിന്റെ ഫലമായി ഒരു പ്രദേശത്ത് എന്തു മാറ്റമാണ് ഉണ്ടാവുക? കേരള സംസ്ഥാന രൂപീകരണത്തിന്റെ ചരിത്രം വിശകലനം ചെയ്യുക.

## മന്ത്രിസഭകൾ

സംസ്ഥാനരൂപീകരണത്തെത്തുടർന്ന് 1957-ൽ പൊതുതിരഞ്ഞെടുപ്പ് നടന്നു. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മന്ത്രിസഭ രൂപീകരിച്ചു. കുടിഒഴിപ്പിക്കൽ നിരോധനനിയമവും പാട്ടകുടിയാന് ഭൂമിയിൽ സ്ഥിരാവകാശം നൽകുന്ന കാർഷികബന്ധബില്ലും വിദ്യാലയനടത്തിപ്പിൽ സ്വകാര്യമാനേജ്മെന്റിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ ബില്ലും നിയമസഭ പാസ്സാക്കി. ഭൂമി നഷ്ടപ്പെട്ട ജന്മിമാരും അധ്യാപകനിയമനാധികാരം നഷ്ടപ്പെട്ട മാനേജർമാരും സർക്കാരിനെതിരെ ശബ്ദമുയർത്തി. വിമോചനസമരം എന്ന പേരിൽ നാടിന്റെ നാനാഭാഗത്തും ഇത് ആവിഷ്കൃതമായി. ഈ സന്ദർഭത്തിൽ സംസ്ഥാനത്തെ ക്രമസമാധാനം തകർന്നു എന്ന കാരണം പറഞ്ഞ് ഭരണഘടനയുടെ 356-ാം വകുപ്പു പയോഗിച്ച് രാഷ്ട്രപതി 1959-ൽ ഈ മന്ത്രിസഭ പിരിച്ചുവിട്ടു. ജനാധിപത്യരീതിയിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഒരു ഗവൺമെന്റിനെ പുറത്താക്കിയ ആദ്യാനുഭവമായിരുന്നു ഇത്.

1960-ൽ ഇടക്കാല തിരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള കൂട്ടുമന്ത്രിസഭ അധികാരത്തിൽ വന്നു. പട്ടം താണുപിള്ള മുഖ്യമന്ത്രിയായി. കക്ഷികൾക്കിടയിലെ അഭിപ്രായഭിന്നത കാരണം മന്ത്രിസഭ രാജിവെച്ചു. പിന്നെ പാതിവഴിയിൽ വച്ച് പാർട്ടികൾ മുന്നണിവിടുന്നതും മന്ത്രിസഭകൾ നിലംപൊത്തുന്നതും സാധാരണമായി.


## കേരളം മുന്നോട്ട്

സാമൂഹ്യനവോത്ഥാനപ്രസ്ഥാനവും തൊഴിലാളി കർഷകപ്രസ്ഥാനങ്ങളും ദേശീയപ്രസ്ഥാനവും ഒരുക്കിയ വളക്കൂറുള്ള മണ്ണിലാണ് കേരള സംസ്ഥാനം നാമ്പെടുത്തത്. സംസ്ഥാനരൂപീകരണത്തെത്തുടർന്ന് നടപ്പിലാക്കിയ ഭൂപരിഷ്കരണം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തികമണ്ഡലങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സഹായിച്ചു. ജന്മിസമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം കേരളമാണ്.

1969-ൽ പാസ്സാക്കിയ ഭൂപരിഷ്കരണനിയമത്തോടെ കേരളത്തിൽ ജന്മിസമ്പ്രദായം അവസാനിച്ചു. കൈവശഭൂമിക്ക് പരിധി ഏർപ്പെടുത്തിയതും കുടികിടപ്പുകാർക്ക് ഭൂമി നൽകിയതും ഈ നിയമത്തിന്റെ സവിശേഷതകളാണ്. കൃഷിഭൂമി കൃഷിക്കാരന് എന്ന കർഷകരുടെ ആവശ്യം നേടിയെടുക്കാൻ ഈ നിയമത്തിലൂടെ കഴിഞ്ഞു. കൃഷിയിൽ നിന്നുള്ള വരുമാനം കർഷകർ വിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനും വിനിയോഗിച്ചു. ഇത് സാമൂഹ്യബോധവും പൊതുജനാരോഗ്യ സംരക്ഷണത്തിനുള്ള അവബോധവും ഉണ്ടാക്കി. വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും വർദ്ധനവിനു ഇതു കാരണമായി. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിന് അവസരമുണ്ടായി. സ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കി. അർഹതയുള്ളവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. ഉന്നതവിദ്യാഭ്യാസം നേടുന്നതിനുള്ള സ്ഥാപനങ്ങൾ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വർദ്ധിച്ചു.

പൊതുജനാരോഗ്യസംവിധാനങ്ങൾ വിപുലീകരിച്ചു. വസൂരി, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. ശിശുമരണനിരക്ക് കുറഞ്ഞു. ശരാശരി ആയുർദൈർഘ്യം വർദ്ധിച്ചു. ക്ഷേമപ്രവർത്തനങ്ങൾ വിപുലമായി. സാമൂഹ്യസുരക്ഷാ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചു. ക്ഷേമപെൻഷനുകൾ, വയോജനങ്ങൾക്കുള്ള പ്രത്യേകപദ്ധതികൾ ഇവ ആരംഭിച്ചു. പൊതുവിതരണശൃംഖല ശക്തിയാർജ്ജിച്ചു. 1990-ൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങൾക്കു മാതൃകയായി കേരളം സമ്പൂർണസാക്ഷരത നേടി. ഭരണഘടനാഭേദഗതിയുടെ ഭാഗമായി 1995-ൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. അധികാര വികേന്ദ്രീകരണം ജനാധിപത്യപ്രക്രിയയ്ക്ക് വേഗത കൂട്ടി. പൊതുവിതരണരംഗത്തും സാമൂഹ്യവികസനപദ്ധതികളിലും ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വിഭവങ്ങൾ ലഭിച്ചത് അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് ശക്തി നൽകി. മറ്റു സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ സാമൂഹ്യവികസനത്തിന് ഇത് ആക്കം കൂട്ടി. കുറഞ്ഞ ആളോഹരി വരുമാനവും ഉയർന്ന സാമൂഹ്യവികസന സൂചികയുമുള്ള 'കേരള വികസനമാതൃക' വിശ്വവിഖ്യാതമാണ്.

## പ്രവർത്തനങ്ങൾ



- കേരളത്തിന്റെ കഴിഞ്ഞകാലം വിലയിരുത്തി പുതിയ ഒരു കേരളസമൂഹ സൃഷ്ടിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കൂ.
- ജന്മി-കുടിയാൻ വ്യവസ്ഥയെക്കുറിച്ചും അക്കാലത്തെ കർഷകരുടെ ജീവിതാവസ്ഥയെക്കുറിച്ചും പ്രദേശത്തെ പ്രായം ചെന്നവരിൽ നിന്നും വായനസാമഗ്രികളിൽ നിന്നും കൂടുതൽ വിവരങ്ങൾ ശേഖരിക്കൂ. 'കേരളത്തിലെ കാർഷികമേഖല ബ്രിട്ടീഷ് കാലഘട്ടത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രബന്ധം തയ്യാറാക്കൂ.
- ദേശീയ സ്വാതന്ത്ര്യം മാത്രമല്ല അനാചാരങ്ങളിൽ നിന്നുള്ള മോചനവും കേരളത്തിലെ ദേശീയപ്രസ്ഥാനത്തിൽ ഉൾച്ചേർന്നിരുന്നു. ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.
- സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി കേരളത്തിലെ സാമൂഹ്യഘടനയിൽ വന്ന മാറ്റങ്ങൾ അപഗ്രഥിക്കുക.
- ആധുനികകേരളം രൂപപ്പെടുന്നതിനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുക.
- കാർഷിക-വ്യാവസായിക മേഖലകളിൽ പ്രതീക്ഷിച്ചത്ര പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. ഉയർന്നപ്രതിശീർഷ വരുമാനം എന്ന അവസ്ഥ ഇല്ല. എന്നിട്ടും മികവുറ്റ തരത്തിൽ ആരോഗ്യരംഗം വളർത്തിയെടുക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്താവന വിശകലനം ചെയ്യുക.
- ആരോഗ്യരംഗത്തെ പുരോഗതിക്ക് സ്ത്രീസാക്ഷരത കൂടിയേ കഴിയൂ. സ്ത്രീസാക്ഷരത വർദ്ധിക്കുന്നതും വിദ്യാഭ്യാസപുരോഗതി കൈവരിക്കുന്നതും ആരോഗ്യമേഖലയുടെ വളർച്ചയുടെ സൂചകമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.
- 'കോളനീകരണവും ദേശീയവിമോചനവും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ചർച്ച നടത്തുക.